

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 ജനുവരി
വില ₹15

## വെറുമൊരു പാറപ്പരപ്പല്ല ഞാൻ

വിജയകുമാർ ബ്ലാത്തൂർ


ഇരട്ടി പുണ്യം
കാരുണ്യയും കാരുണ്യ പ്ലസും
കാരുണ്യ പ്ലസ്
എല്ലാ വ്യാഴാഴ്ചയും
ഒന്നാം സമ്മാനം
₹1 കോടി
രണ്ടാം സമ്മാനം
₹15 ലക്ഷം
മൂന്നാം സമ്മാനം
₹5 ലക്ഷം
1 ലക്ഷം വീതം 5 പേർക്ക്
ടിക്കറ്റ് വില ₹50
10000, 5000, 1000, 500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ
കാരുണ്യ
ചികിത്സാ ധനസഹായ പദ്ധതി
കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ
നിന്നുള്ള ലാഭം വിനിയോഗിക്കുന്നു
ഇതുവരെ ചികിത്സാ സഹായമായി 92458
രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ
കാരുണ്യ, കാരുണ്യ പ്ലസ്
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...
ഇതു നമ്മുടെ
കടമ കൂടിയാണ്
കാരുണ്യ
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം
1 കോടി
ടിക്കറ്റ് വില ₹50
രണ്ടാം സമ്മാനം
₹10 ലക്ഷം
മൂന്നാം സമ്മാനം
₹5 ലക്ഷം
1 ലക്ഷം വീതം 5 പേർക്ക്
10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം
സുതാര്യം
ജനകീയം

# തളിര്


പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

ജനുവരി 2016
വില ₹15
വാർഷികവരിസംഖ്യ ₹160


## ഉള്ളടക്കം

## ചൊവ്വ്

**ഗ്രേസി**

14

ചൊവ്വില്ലാത്ത മനുഷ്യർ ചൊവ്വയിലേക്കു കുടിയേറിയാലെന്താവും സംഭവിക്കുക എന്ന് ആകുലപ്പെടുന്ന ഒരു കൂട്ടം കളിക്കോപ്പുകൾ. രസകരമായ ഈ കഥ വായിക്കൂ...





## സ്വർണക്കോട്ടയിലെ മയിൽ

**സത്യജിത് റായ്**

പുനരാഖ്യാനം **എം ചന്ദ്രപ്രകാശ്**

26

വിഖ്യാതചലച്ചിത്രകാരൻ സത്യജിത് റായ് രചിച്ച മറ്റൊരു കുറ്റാന്വേഷണകഥ ഇത്തവണ തുടങ്ങുന്നു.

## തിരുവിതാംകൂർചരിത്രം

**ഡോ. എം ജി ശശിഭൂഷൺ**

16

തിരുവിതാംകൂർരാജ്യം, അവിടത്തെ രാജാക്കൻമാർ, പള്ളികൊണ്ടരുളുന്ന പത്മനാഭൻ, ആ കാലഘട്ടത്തിലെ ജനങ്ങൾ ഇവയെക്കുറിച്ചൊക്കെ കൂടുതൽ അറിയുവാൻ സഹായിക്കുന്ന പുതിയ പംക്തി ഈ ലക്കം മുതൽ വായിക്കൂ...




സ്നേഹപൂർവ്വം.........4
കെ സി ജോസഫ്

മുൻമൊഴി.........5
സുഗതകുമാരി

ആനക്കാര്യം.........6
രാജീവ് എൻ ടി

കവിതാപരിചയം.........7
വിഷ്ണുനാരായണൻ നമ്പൂതിരി

വെറുമൊരു പാറപ്പരപ്പല്ല ഞാൻ.........8
വിജയകുമാർ ബ്ലാത്തൂർ

ജാതകകഥ.........20
വെങ്കി

മുത്തശ്ശി.........24
പ്രശാന്ത് കണ്ണോം

ആമാശയത്തിനു 'ജനാല' പണിത ശാസ്ത്രജ്ഞൻ.........32
പ്രൊഫ. എസ് ശിവദാസ്

ലാലന്റെ അമ്മ.........34

ആരോഗ്യം.........36
ഡോ. ബി പത്മകുമാർ

ക്ലാസിക്പരിചയം.........38
ഡോ. പി കെ രാജശേഖരൻ

ഡസ്റ്റർ.........41
രാജഗോപാലൻ നാട്ടുക്കൽ

സിനിമാപരിചയം.........42
സുലോചന റാംമോഹൻ

സ്കൂൾ ഡെയ്സ്.........45
രാജീവ് എൻ ടി

മഹാഭാരതം.........46
സുഗതകുമാരി

ഇളംതളിര്.........48

ഉണ്ടാക്കാം.........50
അരവിന്ദ് ഗുപ്ത

അക്ഷരചിത്രം.........51
ഭരണിക്കാവ് കൃഷ്ണൻ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ ഇൻ-ചാർജ്
**എം സന്തോഷ്കുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**ബോബി എം പ്രഭ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

KERALA SICL വായിച്ചു വളരുക

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

2016
INTERNATIONAL
YEAR OF PULSES

പ്രിയപ്പെട്ട കുട്ടികളേ,

ഒരു പുതിയ വർഷം വീണ്ടുമെത്തിയിരിക്കുന്നു. ഈ വർഷത്തിന് ഒരു പ്രത്യേകതയുണ്ട്. ഐക്യരാഷ്ട്രസഭ 2016നെ അന്താരാഷ്ട്ര പയറുവർഗ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. പയറുവർഗവിളകളുടെ ലോകത്തെ ഏറ്റവും വലിയ ഉത്പാദകരാണ് ഇന്ത്യ. ഇതിനുപുറമേ വലിയ അളവിൽ ഇറക്കുമതിയും ചെയ്യുന്നുണ്ട്. അതിനാൽ അന്താരാഷ്ട്രപയറുവർഗവർഷം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നു.

പോഷകമൂല്യത്തോടുകൂടിയ ഭക്ഷണം ഏതൊരു മനുഷ്യന്റെയും മൗലികാവകാശമാണ്. ഭക്ഷ്യോത്പാദനത്തിൽ പയറുവർഗങ്ങൾക്കുള്ള പ്രാധാന്യം വരുന്നതിവിടെയാണ്. പ്രോട്ടീൻസമൃദ്ധമാണ് പയറുവർഗങ്ങൾ. കൂടാതെ മനുഷ്യർക്കാവശ്യമായ മിനറലുകളും അമിനോ ആസിഡുകളും പയറുവർഗവിളകളിലുണ്ട്. പയറുവർഗവിളകളുടെ ഈ പോഷകപ്രാധാന്യം ലോകത്തെ ഓർമ്മപ്പെടുത്തുകയാണ് വർഷാചരണത്തിന്റെ ലക്ഷ്യം. ഭക്ഷ്യസുരക്ഷയിലും പയറുവർഗവിളകൾക്കു പ്രാധാന്യമുണ്ട്. കൂടുതൽകാലം കേടുകൂടാതെ ഇവ സൂക്ഷിച്ചുവയ്ക്കാൻ കഴിയും. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ക്ഷാമത്തെ നേരിടാൻ അതിനാൽ സാധിക്കുകയും ചെയ്യും.

പരിപ്പ്, ബീൻസ്, കടല, പയർ തുടങ്ങിയവയെയെല്ലാം പയറുവർഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ഭക്ഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള പയറുവർഗങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രമേഹം, പൊണ്ണത്തടി, കാൻസർ തുടങ്ങി പലതരം രോഗങ്ങളെയും പ്രതിരോധിക്കാൻ ഇവ ഭക്ഷണത്തിലുൾപ്പെടുത്തുന്നതിലൂടെ കഴിയും.

മനുഷ്യരുടെ മാത്രമല്ല, മണ്ണിന്റെ സംരക്ഷകർ കൂടിയാണു പയറുവിളകൾ. അവയുടെ വേരുകളിൽ വസിക്കുന്ന പ്രത്യേകതരം ബാക്റ്റീരിയയുടെ സഹായത്തോടെ നൈട്രജന്റെ അളവ് മണ്ണിൽ നിലനിർത്താൻ സാധിക്കുമെന്ന കാര്യം നിങ്ങൾ പഠിച്ചിട്ടുണ്ടാകും.

അന്താരാഷ്ട്ര പയറുവർഗ വർഷം വിവിധ പരിപാടികളിലൂടെ നമുക്കും ആചരിക്കണം. ഭക്ഷണത്തിലും പരിസ്ഥിതിയിലും പയറുവർഗവിളകളുടെ പ്രാധാന്യം വിശദീകരിക്കുന്ന സെമിനാറുകൾ സ്കൂളിൽ സംഘടിപ്പിക്കാം. പോസ്റ്ററുകൾ തയ്യാറാക്കാം. ചെറുപയർ, വൻപയർ, കടല, ഗ്രീൻപീസ് എന്നുതുടങ്ങി ലഭ്യമായ എല്ലാത്തരം പയറുവർഗങ്ങളും സ്കൂളിൽതന്നെ നട്ടുവളർത്തി അവയെ പരിചയപ്പെടാം. സ്കൂളിലും വീട്ടിലും പയറുവർഗവിളകൾ പരമാവധി കൃഷിചെയ്യുകയും വേണം. അങ്ങനെ പയറുവർഗങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാൻ ശ്രമിക്കാം. സ്കൂളിലെ സഹപാഠികളെ മാത്രമല്ല, ഗ്രാമത്തിലെ സാധാരണക്കാരെയും പയറുവർഗങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിനു പറ്റിയ പരിപാടികൾ അധ്യാപകരുടെ സഹായത്തോടെ ആവിഷ്കരിക്കുകയും വേണം. ഇതുതന്നെയാകട്ടെ ഈ പുതുവർഷത്തിലെ നിങ്ങളുടെ ആദ്യശ്രമം.

ഏറെ പ്രതീക്ഷകളും അതിലേറെ ആത്മവിശ്വാസവുമായി നമ്മുടെ മുന്നിൽ എത്തിയിരിക്കുന്ന ഈ പുതുവർഷത്തെ നമുക്കു വരവേൽക്കാം. സന്തോഷവും സമാധാനവും നേട്ടങ്ങളും നിറഞ്ഞ നല്ല നാളുകൾ ഈ പുതുവർഷം നിങ്ങൾക്കു സമ്മാനിക്കട്ടെ.

പുതുവർഷാശംസകളോടെ,

സ്നേഹപൂർവ്വം

**കെ സി ജോസഫ്**

(സാംസ്കാരികവകുപ്പു മന്ത്രി)

# മുൻമൊഴി

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

അർദ്ധരാത്രിയിൽ പള്ളിമണികൾ മുഴങ്ങുന്നു. പടക്കങ്ങൾ പൊട്ടുന്നു. ആഹ്ലാദാരവങ്ങൾ ഉയരുന്നു. ഒരു പുതിയ വർഷംകൂടി പിറക്കുകയായി. 2016 ജനുവരി.

ഈ വർഷം നമുക്കു ചില പുതിയ തീരുമാനങ്ങളെടുത്താലോ? ഓരോ സ്കൂളിലും കുട്ടികളുടെ കൂട്ടായ്മകൾ ഉണ്ടാക്കുക. പരസ്പരസഹായസംഘങ്ങളായിരിക്കും ഇവ. കൂടാതെ ഇന്നു നമുക്കിടയിൽ വർദ്ധിച്ചുവരുന്ന ജാതിമതവിദ്വേഷങ്ങൾക്ക് ഒരറുതി വരുത്താനും നിങ്ങൾക്കു കഴിയണം. എല്ലാ വിശ്വാസങ്ങളിലുംപെട്ടവരുണ്ടായിരിക്കണം നിങ്ങളുടെ കൂട്ടായ്മയിൽ. അല്ലാതെ ജാതിയോ മതമോ തിരിച്ച് ആയിക്കൂടാ ഈ ബന്ധങ്ങൾ. ഇന്ന് അകന്നകന്നു പൊയ്ക്കൊണ്ടിരിക്കുന്ന പരസ്പരസ്നേഹവും വിശ്വാസവും വീണ്ടെടുക്കാൻ നമുക്കു കഴിയണം.

അതിന് എന്തു ചെയ്യണമെന്നല്ലേ? പറയാം. ഈ കൂട്ടായ്മകൾ ഒത്തുചേർന്നു പല നല്ല കാര്യങ്ങളും ചെയ്യുമ്പോൾ ബന്ധങ്ങൾ കൂടുതൽ ദൃഢമാകും. നിങ്ങളുടെ സുഖവും ദുഃഖവും പങ്കിടാൻ ശ്രമിക്കുക. അതായത് ആഘോഷങ്ങൾ, ഓണവും ക്രിസ്തുമസ്സും റംസാനും ദീപാവലിയുമെല്ലാം ഒന്നിച്ചു കൊണ്ടാടുക. ആ കൊണ്ടാടലിനു പ്രത്യേകിച്ചൊരു തിളക്കമുണ്ടാവും.

അതുപോലെതന്നെയാണു ദുഃഖങ്ങൾ, വിഷമങ്ങൾ പങ്കിടുക എന്നതും. കൂട്ടായ്മയിലെ ഒരു കുട്ടിക്കു വീട്ടിൽ രോഗമോ മരണമോ അപകടമോ എന്തെങ്കിലുമുണ്ടായാൽ കൂട്ടുകാർ അവിടെ ഓടിയെത്തണം. ആവോളം സഹായിക്കണം. ആ വീട്ടുകാർക്കു കൈത്താങ്ങും മനസ്സിന് ആശ്വാസവും നൽകാൻ ശ്രമിക്കണം. അതോടെ എത്ര ഗാഢമായിത്തീരും നിങ്ങളുടെ ബന്ധങ്ങളെന്നോ...

കൂട്ടുകാരോടൊത്തു വിനോദയാത്ര പോകുന്നതിലേറെ സംതൃപ്തി തരും കൂട്ടുകാരന്റെ അച്ഛനോ അമ്മയ്ക്കോ മറ്റോ രോഗമുണ്ടായാൽ ആശുപത്രിയിൽ കൂട്ടായി നിൽക്കാൻ നിങ്ങളുണ്ടാവുക എന്നത്.

അതുപോലെ രക്തദാനഗ്രൂപ്പുകൾ സംഘടിപ്പിക്കുക. ഓരോ കൂട്ടായ്മയിലെ അംഗങ്ങൾക്കും പെട്ടെന്നു വിളിച്ചാൽ എത്താൻ ഒരു നമ്പറുണ്ടായിരിക്കണം. വിളിച്ചാൽ എത്തിച്ചേരുകയും വേണം. നിങ്ങൾ കുട്ടികൾ എങ്ങനെ ഒറ്റയ്ക്കിതൊക്കെ ചെയ്യുമെന്നു ശങ്കിക്കേണ്ട. വീട്ടിൽ അച്ഛനോടോ ചേട്ടനോടോ ഒക്കെ സഹായം തേടുക. തന്റെ കൂട്ടുകാരന്റെ അച്ഛൻ പെട്ടെന്ന് ആശുപത്രിയിലായി. നമുക്ക് അങ്ങോട്ടുപോയി വേണ്ട സഹായം ചെയ്യണം എന്നു നിങ്ങൾ ആവശ്യപ്പെട്ടാൽ തീർച്ചയായും വീട്ടുകാർ സഹകരിക്കാതിരിക്കില്ല.

അതുപോലെ സന്തോഷങ്ങളിലും പങ്കുകൊള്ളുക. പ്രശ്നങ്ങൾ തമ്മിൽ പറഞ്ഞു പോംവഴി കണ്ടെത്തുക. നിങ്ങൾക്കു പോംവഴി കണ്ടെത്താനാവാത്തവിധമുള്ള പ്രശ്നമാണെങ്കിൽ ടീച്ചറോടോ രക്ഷിതാക്കളോടോ പറഞ്ഞു സഹായം തേടുക.

ദുഃശീലങ്ങൾക്ക് അടിമയാകുന്ന കുട്ടികളെ നിർബന്ധിച്ചും സഹായിച്ചും നേർവഴിയിലേക്കു തിരിച്ചുകൊണ്ടുവരിക. പഠിക്കാൻ

വര: സുധീർ പി വൈ




വിഷമമുള്ളവർക്കു മിടുക്കർ പാഠങ്ങൾ പഠിപ്പിച്ചു കൊടുക്കുക. ഇങ്ങനെ ഒരായിരം കാര്യങ്ങളുണ്ട് നിങ്ങൾക്കു ചെയ്യാനായി.

ഒന്നിച്ചു പച്ചക്കറിത്തോട്ടം നട്ടുവളർത്തുന്നതുമുതൽ സ്കൂളിന്റെ ഒരു കോണിൽ ഒരു ജൈവവൈവിധ്യപാർക്ക് നിർമിക്കുന്നതുവരെ നിങ്ങൾക്കു പരീക്ഷിക്കാം. കൂട്ടായ്മകൾക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. കൂടെയുള്ളവരുടെ കണ്ണുനീർ തുടയ്ക്കാനും മയക്കുമരുന്നിൽ നിന്നു മടക്കിക്കൊണ്ടു വരാനും ഒന്നിച്ചു പാടാനും നാടകം കളിക്കാനും രക്തദാനം ചെയ്യാനും സാധിക്കുന്നതു പോലെ എന്തെല്ലാമുണ്ട്?

ഹിന്ദുക്കുട്ടിക്കും ക്രിസ്ത്യാനിക്കുട്ടിക്കും മുസ്ലീംകുട്ടിക്കും ഒന്നിച്ചിരുന്നു പൂക്കളമൊരുക്കാം. സദ്യയുണ്ണാം. ക്രിസ്തുമസിന് ഒന്നിച്ചുചേർന്നു കരോൾ പാടാം. കേക്കു മുറിക്കാം. നക്ഷത്രം തെളിയിക്കാം. ഉണ്ണിക്കു പുൽക്കൂടൊരുക്കാം. നൊയമ്പുകാലത്ത് ഒന്നിച്ചു നൊയമ്പുതുറ ആഘോഷിക്കാം. ദീപാവലിക്ക് ഒത്തുചേർന്നു പൂത്തിരി കത്തിക്കാം. അങ്ങനെ നൂറുനൂറു ചെറുതും വലുതുമായ കാര്യങ്ങൾ കൈകൾ കോർത്ത് ഒന്നിച്ചു ചെയ്യാനൊരുങ്ങുക. ഈ നാടിന്റെ മങ്ങലും ദുർഗന്ധവും മാറട്ടെ. കുട്ടികളുടെ കൈകൊണ്ടു കഴുകി വെടിപ്പാക്കൂ മുതിർന്നവരുടെ മനസ്സുകളുടെ മാലിന്യമെല്ലാം.

ഈ പുതുവത്സരത്തിൽ എനിക്ക് എന്റെ കുഞ്ഞുങ്ങളോട് അപേക്ഷിക്കാനുള്ളത് ഇതു മാത്രമാണ്. 'സ്നേഹം' എന്നാണ് ഇത്രയും പറഞ്ഞതിന്റെയെല്ലാം ഒരു ചുരുക്കപ്പേര്.

സ്നേഹത്തോടെ,
**സുഗതകുമാരി**



# ചന്ദ്രശില

## വിഷ്ണുനാരായണൻ നമ്പൂതിരി

(ചന്ദ്രനിൽ ഇറങ്ങിയ ബഹിരാകാശവിദഗ്ധർ അവിടെ നിന്നു കല്ലും കട്ടയുമൊക്കെ ശേഖരിച്ചുകൊണ്ടുവന്നു പ്രദർശിപ്പിച്ചു. അതുകണ്ട കവിയുടെ വാക്കുകൾ കേൾക്കുക.)

അമ്പിളിക്കലയുടെ
പുഞ്ചിരിപ്പാലിൽ നിന്നും
പഞ്ചാരത്തരിയൊന്നു
കൊണ്ടുപോന്നു
പട്ടണത്തിലെ കൂറ്റൻ
കെട്ടിടമൊന്നിൽ ചില്ലു-
പെട്ടിയിൽ വെച്ചിരിപ്പൂ
ചെന്നുകാണാൻ.
ആളുകൾ തിങ്ങി വിങ്ങും
ക്യൂവിൽ ഞാൻ നിന്നു, രണ്ടു
നാഴിക കഴിഞ്ഞുള്ളിൽ
കടന്നു ചെന്നു

അദ്ഭുതം! ഇതു പൊടി
മണ്ണു കുഴച്ചുരുട്ടി
വെച്ചപോലിരിക്കുന്നൂ!
കൊച്ചുകല്ലേ,
പാടുപെട്ടു നീ ഇങ്ങു
പാരിലെത്തിയ നേരം
പാവം നിന്നിലെ നിലാ-
വെങ്ങു പോയീ?
അല്ലെങ്കിൽ, ചന്തമേറും
അമ്പിളിമാമാ, നിന്നിൽ
മിന്നി നിൽപ്പതു വെറും
മണ്ണു താനോ!!

*(നിങ്ങൾ മുതിരുമ്പോൾ വായിച്ചറിയേണ്ട കവിയാണ് ഇദ്ദേഹം. തികഞ്ഞ ഭാരതീയതയുടെയും സംസ്കാരത്തിന്റെയും പുണ്യമാണ് ഇദ്ദേഹത്തിന്റെ കവിതകൾ. വിഷ്ണുനാരായണൻ നമ്പൂതിരി ഇംഗ്ലിഷ് പ്രൊഫസറാണ്. വിശിഷ്ടനായ മലയാളകവിയാണ്. ക്ഷേത്രത്തിലെ ശാന്തിക്കാരനാണ്. പരിസ്ഥിതിസമരങ്ങളിലെ ശക്തനായ പോരാളിയുമാണ്. ഇവയെല്ലാം കലർന്നുചേർന്ന ഋഷിതുല്യനായ ആ വലിയ മനുഷ്യൻ കുട്ടികൾക്കുവേണ്ടിയെഴുതിയ ഒരു ഇളംകവിതയാണിത്.)*





വര: സുധീർ പി വൈ

# വെറുമൊരു പാറപ്പരപ്പല്ല ഞാൻ



ചിത്രം: വിനയരാജ്

**വിജയകുമാർ ബ്ലാത്തൂർ**

> ജൈവവൈവിധ്യക്കലവറയെന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട മാടായിപ്പാറ കണ്ണൂർജില്ലയിലെ തീരപ്രദേശത്തെ ഒരു ചെങ്കൽപ്പാറപ്പരപ്പാണ്. 365 ഹെക്ടർ വിസ്താരത്തിൽ ഉയർന്നു പരന്നുകിടക്കുന്ന ഈ വിശാല സസ്യ-ജന്തുലോകത്തേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നടക്കം നിരവധി ഗവേഷകരും പ്രകൃതിസ്നേഹികളും ഓരോ വർഷവും വിരുന്നുവരുന്നു. ഒൻപതോളം പുതിയ സസ്യജനുസ്സുകൾ മാടായിപ്പാറയിൽനിന്ന് ഇതുവരെയായി കണ്ടെത്തിയിട്ടുണ്ട്. ഇവിടത്തെ പൂക്കാഴ്ചയും ചാഞ്ഞുപെയ്യുന്ന മഴക്കുളിരും ഒരിക്കലനുഭവിച്ചവർക്കും പ്രകൃതിബന്ധങ്ങളുടെ ഇഴകൾ അടുത്തറിയാനാഗ്രഹിക്കുന്നവർക്കും വീണ്ടും വീണ്ടും മാടായിപ്പാറയിലേക്കു വരാതിരിക്കാനാവില്ല.

തീപാറുന്നൊരു ഉച്ചവെയിൽച്ചൂടിലാണ് ഞാനാദ്യമായി മാടായിപ്പാറയിലെത്തിയത്. കണ്ണൂർജില്ലയിലെ പഴയങ്ങാടിയിൽ കുപ്പംപുഴക്കരയിലാണ് 365 ഹെക്ടർ വിസ്താരത്തിലുള്ള വിശാലമായ ഈ പാറപ്പരപ്പ്. ഉയർന്നുനിൽക്കുന്ന ഈ പാറത്തട്ടിന്റെ പടിഞ്ഞാറുഭാഗത്ത് പഴയ കോട്ടയുടെ അവശിഷ്ടങ്ങൾ കാണാം. അൽപ്പമകലെ ഏഴിമല. പടിഞ്ഞാറൻകാറ്റിൽ കടലിരമ്പം. വരണ്ടുണങ്ങിചെമ്പിച്ചു കിടക്കുന്ന പുൽപ്പരപ്പുകൾക്കിടയിലൂടെ കറുത്ത നാടപോലെ ടാർറോഡ്. തിത്തിരിപ്പക്ഷിയുടെ വിഹ്വലമായ കരച്ചിലിന്റെ ഈണങ്ങളല്ലാതെ ഇവിടെ മറ്റൊന്നുമില്ല. ഈ തരിശുഭൂമിയിൽ എന്തു കാണാനാണു വന്നതെന്ന് ഒരുനിമിഷം ഞാൻ അമ്പരന്നു. അൽപ്പം നിരാശയോടെയും നീരസത്തോടെയുമാണ് അന്നു തിരിച്ചുപോന്നത്.

പിന്നീടൊരു മഴക്കാലത്ത്, ചിങ്ങവെയിൽ പരന്നുതുടങ്ങിയ ഒരു രാവിലെ, വീണ്ടുമൊരി

ക്കൽ വന്നു. പുതിയൊരു ലോകം. കണ്ണെത്താ ദൂരത്തോളം കാക്കപ്പൂക്കൾ നീലപ്പരവതാനി വിരിച്ചിരിക്കുന്നു. നിറഞ്ഞ പാറക്കുളങ്ങളിൽ ആകാശം പ്രതിബിംബിക്കുന്നു. പൂമ്പാറ്റകളുടെ നൃത്തമാണെങ്ങും. ഒരു സ്വപ്നഭൂമിയിലെത്തിയ പ്രതീതി. തികച്ചും വിഭിന്നങ്ങളായ രണ്ടു മുഖങ്ങൾ. അതേ, ചെങ്കൽപ്പാറപ്പരപ്പുകളുടെ ജൈവലോകം ഇത്തരത്തിലൊരത്ഭുതമാണ്.

മലബാറിലെ ഭൂപ്രകൃതിയുടെ പ്രത്യേകതയാണ് ലാറ്ററൈറ്റ് എന്നുവിളിക്കുന്ന ഈ കായാന്തരിതശിലകളുടെ സാന്നിധ്യം. വെട്ടിയെടുക്കാൻ എളുപ്പമുള്ളതെങ്കിലും കാറ്റും വെളിച്ചവും ഏൽക്കുന്നതോടെ കാഠിന്യമേറി വരുന്ന രാസഘടനയാണ് ഈ ശിലകൾക്ക്. ഈ പ്രത്യേകതകൊണ്ട് മലബാറിൽ വളരെപണ്ടേ വീടുകളും ക്ഷേത്രങ്ങളും പണിയുവാനും കോട്ടകൾ നിർമിക്കാനുമൊക്കെ ഈ ചെങ്കല്ലാണ് ഉപയോഗിച്ചിരുന്നത്. 1807 ൽ ബ്രിട്ടീഷ് മെഡിക്കൽ ഓഫീസറായ ഫ്രാൻസിസ് ഹാമിൽട്ടൻ ബുക്കാനൻ ആണ് മലപ്പുറത്തെ അങ്ങാടിപ്പുറത്തുവെച്ച് ആദ്യമായി ഈ കല്ലുകൾ കണ്ടെത്തി പുറംലോകത്തിനു പരിചയപ്പെടുത്തിയത്. ഇരുമ്പിന്റെയും അലുമിനിയത്തിന്റെയും അയിരുകൾ അടങ്ങിയ ഇവയ്ക്ക് 'ലാറ്ററൈറ്റ്' എന്ന പേരു നൽകിയത് ഇദ്ദേഹമാണ്.

നിരവധി സുഷിരങ്ങളുള്ള ഈ ചെങ്കൽപ്പാറകൾക്കു വലിയ അളവിൽ ജലം സംഭരിച്ചുവയ്ക്കാനാവും. മലബാറിലെ ഒരുവിധം എല്ലാ നദികളും ആരംഭിക്കുന്നത് ഇടനാടൻ ചെങ്കൽക്കുന്നുകളിൽ നിന്നാണെന്ന കാര്യം നമുക്കറിയാം. ഇത്തരം ചെങ്കൽപ്പാറപ്പരപ്പുകളിൽ അങ്ങിങ്ങായി കുറ്റിക്കാടുകളും മഴക്കാലത്തു നിറയുന്ന പാറക്കുളങ്ങളും അൽപ്പം മണ്ണുള്ള ഇടങ്ങളിൽ പോർട്ടുഗീസുകാർ വഴി ലഭിച്ച പറങ്കിമാവുകളും മാത്രമാണു കാണുക. കൃഷി സാധ്യമല്ലാത്തതിനാൽ പൊതുവേ ഇവ ആർക്കും വേണ്ടാത്ത തരിശുഭൂമിയായാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇവയിലെ ജൈവലോകത്തെക്കുറിച്ച് ആർക്കും വലിയ ധാരണകളും ഉണ്ടായിരുന്നില്ല.

മാടായിപ്പാറയാണ് ഇത്തരത്തിൽ ആദ്യമായി ശാസ്ത്രലോകം ശ്രദ്ധിച്ചുതുടങ്ങിയ ചെങ്കൽപ്പാറപ്പരപ്പ്. തൊണ്ണൂറുകളിൽ ഡോ. ശിവരാജൻ, കെ റ്റി ജോസഫ് തുടങ്ങിയ ഗവേഷകരാണ് ഇവിടത്തെ പഠനങ്ങൾ ആരംഭിച്ചത്. പിന്നീടു പല കാലങ്ങളിലായി ഡോ. എ കെ പ്രദീപ്, പ്രൊഫ. മധുസൂദനൻ, എൻ പി സിങ് തുടങ്ങിയവർ നടത്തിയ അന്വേഷണങ്ങളിൽ പുതിയ നാലിനം സസ്യങ്ങളെ കണ്ടെത്തിയതോടെ



**സീലാക്നി മാടായെൻസിസ്**
*ചിത്രം: ഡോ. എ കെ പ്രദീപ്*



റൊട്ടാല മലബാറിക്ക
*ചിത്രം: വിനയരാജ്*


കൃഷ്ണനെയ്തൽ ചിത്രം: വിനയരാജ്


മാടായിചൂത് ചിത്രം: അറയിൽ പി ദാസ്

**നിരവധി സുഷിരങ്ങളുള്ള ഈ ചെങ്കൽപ്പാറകൾക്കു വലിയ അളവിൽ ജലം സംഭരിച്ചുവയ്ക്കാനാവും. മലബാറിലെ മിക്കവാറും എല്ലാ നദികളും ആരംഭിക്കുന്നത് ഇടനാടൻ ചെങ്കൽക്കുന്നുകളിൽ നിന്നാണെന്ന കാര്യം നമുക്കറിയാം.**



ബൊട്ടാണിസ്റ്റുകളുടെ ശ്രദ്ധ മാടായിപ്പാറയിലേക്കും സമാനമായ മറ്റു ചെങ്കൽ പ്രദേശങ്ങളിലേക്കും തിരിഞ്ഞു. പിന്നീട് ഡോ. ഇ ഉണ്ണിക്കൃഷ്ണൻ, റ്റി പി പത്മനാഭൻ, ഡോ. ജാഫർ പാലോട്ട്, വി സി ബാല കൃഷ്ണൻ, കെ പി രാജേഷ് എന്നിങ്ങനെ നിരവധിപേർ മാടായിപ്പാറയുടെ ജൈവ ലോകത്തെ അടുത്തറിഞ്ഞ് പുതിയ അറിവുകൾ ലോക ത്തിനു നൽകി. SEEK (Society for Environmental Education Kerala)ന്റെ പ്രവർ ത്തകരും മാടായിപ്പാറയെ ക്കുറിച്ച് നിരവധി ഗവേഷണ ങ്ങൾ നടത്തിയിട്ടുണ്ട്.

ഇപ്പോൾ 650 സപുഷ്പി സസ്യജാതികളെ മാടായി പ്പാറയിൽ നിന്നു തിരിച്ചറി ഞ്ഞിട്ടുണ്ട്. ഇതിൽ 56 ഇന ങ്ങൾ പുൽവർഗങ്ങളാണ്. അടുത്തകാലത്തു കണ്ടെ ത്തിയ സീലാക്നി മാടാ യെൻസിസ് (Coelachne madayensis) അടക്കം 9 തദ്ദേശീയപുൽസസ്യങ്ങൾ ഇവിടെയുണ്ട്.

മാടായിയിലെ മഴക്കാല പ്പാറക്കുളങ്ങളിൽ നിന്ന് 1990 മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ നാലു പുതിയസസ്യജാതികളെ കണ്ടെത്തിയിട്ടുണ്ട്.

ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ഒരു സസ്യം കൂടിയായ റൊട്ടാല മലബാറിക്ക *(Rotala malabarica ഡോ. പ്രദീപ്),* കേസരങ്ങൾക്കു കൃഷ്ണ വർണമുള്ളതിനാൽ കൃഷ്ണ നെയ്തൽ എന്നു പേരിട്ടിരി


ഏകസുമം



ക്കുന്ന *Nymphoides krishnakesara (ജോസഫ്& ശിവരാജൻ)*, മാടായി ചൂത് എന്നു പേരിട്ടിരിക്കുന്ന *Eriocaulon madayiparense (സ്വപ്ന)*, സിലാക്നി എന്നു പേരിട്ടിരിക്കുന്ന *Coelachne madayensis (പ്രമോദ് & പ്രദീപ്)* എന്നിവയാണ് ആ പുതിയ സസ്യങ്ങൾ.

ഈ പാറപ്പരപ്പിൽ നിന്നും ഇവ കൂടാതെ പുതുതായി അഞ്ചു സസ്യങ്ങളെക്കൂടി കണ്ടെത്തിയിട്ടുണ്ട്. ഡോ. കെ പ്രദീപും ഡോ. ശിവരാജനും കണ്ടെത്തിയ 'ഏകസുമം' - *Justicia ekakusuma* എന്ന ചെടിയും പാറമുള്ള് എന്നു വിളിക്കുന്ന *Lepidagathis keralensis (മധുസൂദനൻ & സിങ്)*, കുഞ്ഞിക്കോളാമ്പി എന്നു പേരുള്ള *Parasopubia hofmannii,* വെളുത്ത കുഞ്ഞിക്കോളാമ്പി എന്നു പേരുള്ള *Parasopubia hofmannii var.albiflora (പ്രദീപ് & പ്രമോദ് എന്നിവർ ചേർന്ന്)*, മാടായി ലിൻഡേർനിയ എന്ന പേരിട്ട *Lindernia madayiparensis (രതീഷ് നാരായണൻ)* എന്നിവയാണ് അഞ്ചിനങ്ങൾ.

ഇരപിടിയൻസസ്യമായ അഴുകണ്ണി (അക്കരപ്പൂട) എന്ന *Drosera indica* നിലം നിറയെ പരന്നു വളർന്നിരിക്കുന്നത് പാറയുടെ വടക്കേ അതിരിലാണ്. നാരുകൾ പോലെ നീണ്ടു വളർന്നിരിക്കുന്ന ഇലകളിൽ പശിമയുള്ള ഒരു കൊഴുത്ത ദ്രാവകം മഞ്ഞുതുള്ളി പോലെ ഇളംവെയിലിൽ തിളങ്ങിനിൽക്കുന്നതു കാണാം. ഇതിലൊട്ടിപ്പോകുന്ന പ്രാണികളെ ഇവ ശാപ്പിടുന്നു. മാടായിപ്പാറയെ നീലപുതപ്പിക്കുന്ന കാക്കപ്പൂവും *(Utricularia reticulata)* തന്റെ വേരുകളിലുള്ള സഞ്ചിയറകളിൽ ചെറുപ്രാണികളെ കുടുക്കി അവയുടെ നീരൂറ്റി കുടിക്കാൻ കഴിയുന്നവയാണ്. ആഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ ഇവ മാടായിപ്പാറയെ മൂടും.

പൂക്കളെക്കുറിച്ചും അഞ്ഞൂറോളം സപുഷ്പി സസ്യങ്ങളെക്കുറിച്ചും പറയുമ്പോൾ ഇവിടെ എത്തുന്ന പൂമ്പാറ്റകളെക്കുറിച്ച് പറയാതിരിക്കാനാവുമോ? കേരളത്തിൽ ഇതുവരെ കണ്ടെത്തിയ 326 പൂമ്പാറ്റകളിൽ 138 ഇനങ്ങളെയും ഇവിടെനിന്നു നിരീക്ഷിച്ചിട്ടുണ്ട്. ലാർവയ്ക്കു ഭക്ഷണമാകാൻ കഴിയുന്ന സസ്യങ്ങൾ ഇവിടത്തെ കുന്നിൻചരിവുകളിൽ ധാരാളമുണ്ട്, ഇഷ്ടംപോലെ തേനും.

55 ഇനം തുമ്പികൾ, 34 ഇനം പുൽച്ചാടികൾ, 19ഇനം ഉഭയജീവികൾ, പത്തിനം





ചിത്രം: വിനയരാജ്



വെളുത്ത കുഞ്ഞിക്കോളാമ്പി

ചിത്രം: വി സി ബാലകൃഷ്ണൻ



മാടായി ലിൻഡേർനിയ

ചിത്രം: ഡോ. രതീഷ് നാരായണൻ



തൊഴുകൈയൻ പ്രാണികൾ. നിരവധി എട്ടുകാലിവർഗ ങ്ങൾ എന്നിവയെ കൂടാതെ കേരളത്തിൽ കണ്ടെത്തിയ 484 ഇനം പക്ഷികളിൽ 181 ഇനങ്ങളെയും മാടായിപ്പാറ യിൽ കണ്ടിട്ടുണ്ട്. ഇതിൽ 48 ഇനങ്ങളെങ്കിലും ദേശാടന ക്കാരുമാണ്. ചില പക്ഷികൾ പാസേജ് മൈഗ്രന്റായി കുറച്ചു ദിവസമെങ്കിലും തങ്ങുന്നത് മാടായിപ്പാറയി ലാണെന്നു പഠനങ്ങൾ വെളിവാക്കിയിട്ടുണ്ട്. ഇതു പോലെ കേരളത്തിലെ കരയിൽ കണ്ടുവരുന്ന 93 ഇനം സസ്തനികളിൽ 21 ഇനങ്ങളെയും ഇവിടെ കാണാനാവും എന്നതു നമ്മെ ശരിക്കും അത്ഭുത പ്പെടുത്തും. കുറുക്കനും കുറുനരിയും കാട്ടുപൂച്ചയും മുള്ളൻപന്നിയും കൊമ്പൻ മുയലുകളും അഞ്ചിനം വവ്വാലുകളുമൊക്കെ ഇവയിൽപ്പെടുന്നു.

ഈ ജീവലോകത്തിനു ചരിത്രത്തെക്കുറിച്ചും ഏറെ പറയാനുണ്ട്. കോലത്തു നാടിന്റെ പഴമകൾ, ചെറു ശ്ശേരിയുടെ കാലടിയോർമ കൾ, മൂഷകവംശത്തിന്റെ കോട്ടകൾ, ടിപ്പുവിന്റെ അധി നിവേശത്തിന്റെ അടയാള ങ്ങൾ, അതിനും വളരെ മുമ്പ് ജൂതന്മാരുടെ സാന്നിധ്യം പറയുന്ന വാൽക്കണ്ണാടിയുടെ രൂപമുള്ള ജൂതക്കുളം, കേരള ത്തിലെ തന്നെ ഏറ്റവും പഴ ക്കമേറിയതും 1124ൽ മാലിക് ദിനാർ പണികഴിപ്പിച്ച മുസ്‌ലിംപള്ളി, ചിറക്കൽ രാജവംശത്തിന്റെ കുലദേവത യായ മാടായിക്കാവിലമ്മ യെന്ന തിരുവർക്കാട് ഭഗവതി യുടെ കാവ്, പൂരോത്സവ ത്തിലെ ചടങ്ങുകൾ നട ത്തുന്ന തറകൾ, വടുകുന്ദ ക്ഷേത്രം, 1793ൽ ബ്രിട്ടീഷു കാർ പണിത ട്രാവലേർസ് ബംഗ്ലാവ്... കാണാനിതു പോലെ നിരവധിയുണ്ട് കാഴ്ചകൾ ഇവിടെ.

പക്ഷേ, ചാഞ്ഞുപെയ്യുന്ന മാടായിമഴയുടെ ഭംഗിയാണ് എന്നെ ഓരോ വർഷവും ഇവിടേക്കു വരാൻ കൂടുതൽ പ്രേരിപ്പിക്കുന്നത്. ഏഴിമല യ്ക്കപ്പുറം നിന്നു ഇരമ്പിയെ



അഴുകണ്ണി (അക്കരപ്പൂട)

ചിത്രം: വിനയരാജ്


കാക്കപ്പൂവ്  ചിത്രം: യു അജിത്

**ചില പക്ഷികൾ പാസേജ് മൈഗ്രന്റായി കുറച്ചു ദിവസമെങ്കിലും തങ്ങുന്നത് മാടായിപ്പാറയിലാണെന്നു പഠനങ്ങൾ വെളിവാക്കിയിട്ടുണ്ട്. ഇതുപോലെ കേരളത്തിലെ കരയിൽ കണ്ടുവരുന്ന 93 ഇനം സസ്തനികളിൽ 21 ഇനങ്ങളെയും ഇവിടെ കാണാനാവും.**


കുഞ്ഞിക്കോളാമ്പി  ചിത്രം: ഡോ. എ കെ പ്രദീപ്

ത്തുന്ന മഴയെ നമുക്കു കാണാം. തൊടാം.

ഇതു പക്ഷേ വെറും തരിശിടം എന്ന് ഇപ്പോഴും വിശ്വസിക്കുന്നവർ ഏറെയുണ്ടെന്നതാണ് കഷ്ടം. ഈ സൂക്ഷ്മ ജീവലോകത്തിലൂടെ തലങ്ങും വിലങ്ങും വണ്ടിയോടിച്ചു തിമിർക്കുന്നവർ, ആഹ്ലാദാരവങ്ങളുമായി പുൽപ്പരപ്പുകൾക്കു തീ കൊടുത്ത് ചിരിക്കുന്നവർ, ചൈനാക്ലേ കുഴിച്ചെടുത്ത് സർവനാശം വരുത്തുന്നവർ. ഇവരെല്ലാംകൂടി ഇത്തരം പാറപ്പരപ്പുകളെ കൊന്നുകൊണ്ടിരിക്കുന്നു.

പക്ഷേ കണ്ണിൽ അനന്തമായ അത്ഭുതവും ആഹ്ലാദവുമായി പാറ കാണാൻ മഴക്കാലങ്ങളിലെത്തുന്ന കുട്ടികൾ ഇവ സംരക്ഷിക്കാനുള്ള മനസ്സുമായാണ് തിരിച്ചിറങ്ങുന്നത് എന്നത് എന്റെ പ്രതീക്ഷകളെ കെടുത്തുന്നില്ല.

# ചൊവ്വ്


ഗ്രേസി

തട്ടിൻമുകളിൽ ഉപേക്ഷിക്കപ്പെട്ട ഒരു കട്ടിക്കടലാസുപെട്ടിയായിരുന്നു അവരുടെ വീട്. മേൽക്കൂരയുണ്ടായിരുന്നില്ല. കടലാസുചുവരുകൾക്കുള്ളിൽ പല നിറങ്ങൾ ഉറഞ്ഞുകിടക്കുന്ന ചായത്തളികയിൽ തലചായ്ച് ബ്രഷ് ഉറങ്ങുകയായിരുന്നു. അരികെ ഒരു പെൺപാവക്കുട്ടി, ആറു കോണാകൃതിയിൽ വലകെട്ടി കാത്തിരിക്കുന്ന ഒരെട്ടുകാലിയെ തുറിച്ചു നോക്കി മലർന്നുകിടന്നു. അവളുടെ ഒരുകണ്ണ് ആരോ തുരന്നെടുത്തിരുന്നു. സൂക്ഷിച്ചുനോക്കുന്ന ആർക്കും അവളുടെ വിറങ്ങലിച്ച മറുകണ്ണിൽ ഒരു കാഴ്ചയും തെളിയുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയും. വാലു മുറിഞ്ഞുപോയ ഒരു എലിക്കുഞ്ഞിന്റെ കമ്പിളിത്തലയിലെ കരിമുത്തുകണ്ണുകൾ ഭയപ്പെടുത്തുന്ന ഏതോ ഓർമയിൽ മങ്ങി കാണപ്പെട്ടു. കറുത്ത പ്ലാസ്റ്റിക്മൂക്ക് ഇളകിപ്പോയ ഒരു കരടിക്കുട്ടൻ നഷ്ടപ്പെട്ട ഗന്ധങ്ങളൊക്കെയും തിരിച്ചുപിടിക്കാനാശിച്ച് കടലാസുപെട്ടിയുടെ അടിയിലേക്കു മുഖം പൂഴ്ത്തിക്കിടന്നു. ചിറകൊടിഞ്ഞ ഒരു പച്ചപ്പനംതത്ത പാതിമയക്കത്തിൽ ആകാശനീലിമ സ്വപ്നം കാണുന്നതുപോലെ തോന്നിച്ചു.

വേനൽമഴ ഓടിന്റെ മുകളിൽ വീണു പിറുപിറുക്കുന്ന ശബ്ദംകേട്ട് കരടിക്കുട്ടൻ മുഖമുയർത്തി.

''ചങ്ങാതിമാരേ!'' അവൻ വിളിച്ചു കൂവി. ''ദേ ! മഴ!''

പെട്ടെന്ന് അവന്റെ ശബ്ദം സങ്കടംകൊണ്ട് ഇടറിപ്പോയി.



വര: ബോബി എം പ്രഭ

''കഷ്ടം! നമ്മളിപ്പോ അകത്തായിപ്പോയല്ലോ! പുറത്തായിരുന്നെങ്കിൽ എന്തു രസമായിരുന്നേനെ!''

മഴയുടെ ശബ്ദംകേട്ട് പെൺപാവക്കുട്ടിയുടെ ഒറ്റക്കണ്ണിൽ ഒരു ചെറുതിളക്കം പരന്നു.

എലിക്കുഞ്ഞൻ പൊട്ടിച്ചിരിച്ച് ഒരു പാട്ടുപാടി.

''മഴ പെയ്യുന്നു! മദ്ദളം കൊട്ടുന്നു! മാറാൻ ചേമ്പിന്...''

അവൻ മൂക്കു ചുളിച്ചു. മീശ വിറപ്പിച്ചു.

''ഛേ! ബാക്കി മറന്നുപോയി!''

പച്ചപ്പനംതത്ത ഒരു ഞരക്കത്തോടെ പറഞ്ഞു.

''നന്നായി! എന്റെ ചിറകൊടിഞ്ഞേപ്പിന്നെ എനിക്കു മഴ ഇഷ്ടമല്ല! മഴപ്പാട്ടും ഇഷ്ടമല്ല!''

അന്നേരം കാടിന്റെ വിടവിലൂടെ മഴത്തുള്ളികൾ ചായത്തളികയിലേക്കു ഇറ്റുവീഴാൻ തുടങ്ങി. ബ്രഷ് ഞെട്ടിയുണർന്നു ചിരിച്ചു.

''ഓ! എനിക്കിനി ചിത്രം വരയ്ക്കാൻ പറ്റും. ഉറഞ്ഞുപോയ ചായങ്ങളൊക്കെയും മഴവെള്ളത്തിൽ അലിയുന്നതു കണ്ടോ?''

പുറത്തു മഴ കുണുങ്ങിച്ചിരിച്ച് എങ്ങോട്ടോ ഓടിപ്പോയി. ബ്രഷ് വേഗംതന്നെ കടലാസുപെട്ടിയുടെ ചുവരുകളിൽ ചിത്രം വരയ്ക്കാൻ തുടങ്ങി. ഇളംനീലച്ചായംകൊണ്ട് ഒരു പുഴ വരച്ച് അതു നെടുവീർപ്പിട്ടു

''പണ്ട് പുഴ ഇങ്ങനെയായിരുന്നു! നല്ല ഒന്നാന്തരം പളുങ്കുവെള്ളം!''

ഇപ്പൊഴെന്തുപറ്റി എന്ന് എല്ലാവരും ബ്രഷിന്റെ നേർക്കു മിഴിച്ചുനോക്കി അതു സങ്കടപ്പെട്ടു.

''ഇപ്പോ വെറുമൊരു ചെളിക്കുണ്ട്!''

ബ്രഷ് വേറൊരു ചിത്രം വരയ്ക്കാൻ ഇറങ്ങി. നീല നിറമുള്ള വരകൾ തെളിഞ്ഞു വരുന്നതുകണ്ട് കരടിക്കുട്ടൻ ചോദിച്ചു.

''നിനക്കു നീലനിറമുള്ള ചിത്രങ്ങൾ മാത്രമേ വരയ്ക്കാനറിയൂ?''

ബ്രഷിന്റെ ശബ്ദം ചിലമ്പിച്ചു

''അല്ലേയല്ല! മുമ്പൊക്കെ ദൂരേന്ന് നോക്കുമ്പോ മലകളൊക്കേം നീലിച്ചിട്ടായിരുന്നു. നിറയെ കാടുണ്ടായിരുന്നതുകൊണ്ടാണ് അങ്ങനെ. ഇപ്പോ ഒക്കേം മൊട്ടയടിച്ചപോലായില്ലേ? തന്നേമല്ല, അതുങ്ങടെ ചങ്കും കരളുമൊക്കെ മനുഷ്യര് മാന്തിക്കൊണ്ടുപോവുകയാ!''

ബ്രഷ് പിന്നെ ഒരു മരുഭൂമി വരച്ച് മഞ്ഞോളം തണുത്ത ശബ്ദത്തിൽ തുടർന്നു.

''പണ്ട് ഇതൊരു കൊടും വനമായിരുന്നു! ഒക്കേം മനുഷ്യര് വെളുപ്പിച്ചു. ഇപ്പോ, ദാ, ഒരു പുല്ലുപോലും കിളിർക്കാത്ത മരുഭൂമിയായി!'' കടലാസുപെട്ടിക്കുള്ളിൽ ഒരു ചുടുകാറ്റ് ചീറ്റിയടിച്ച് അവനെ നീറ്റാൻ തുടങ്ങി. അപ്പോൾ പച്ചപ്പനന്തത്ത പരിഭ്രമിച്ചു.

''മഴ ഇഷ്ടമല്ലെന്ന് ഞാനിനി ഒരിക്കലും പറയില്ല!''

ഒടുവിൽ ഒരു ചുവന്ന ഗോളം വരച്ച് ബ്രഷ് പറഞ്ഞു.

''ഇതാണു ചൊവ്വ! മനുഷ്യരിപ്പോ ചൊവ്വയിലേക്കു കുടിയേറാനുള്ള ഒരുക്കത്തിലാ! അതിനു ചെലവാകുന്ന കാശുകൊണ്ട് ഈ ഭൂമി നന്നാക്കിയെടുക്കാരുന്നു! അതെങ്ങനെ? ഉപയോഗിച്ച് വലിച്ചെറിയുന്നതാണല്ലോ മനുഷ്യരുടെ ശീലം! ഈ ചൊവ്വില്ലാത്ത മനുഷ്യനിനി ചൊവ്വേലെത്തീട്ടെന്താ കാര്യം! അവിടേം കുട്ടിച്ചോറാക്കും!''

''മനുഷ്യരിപ്പോ ചൊവ്വയിലേക്കു കുടിയേറാനുള്ള ഒരുക്കത്തിലാ! അതിനു ചെലവാകുന്ന കാശുകൊണ്ട് ഈ ഭൂമി നന്നാക്കിയെടുക്കാരുന്നു! അതെങ്ങനെ? ഉപയോഗിച്ച് വലിച്ചെറിയുന്നതാണല്ലോ മനുഷ്യരുടെ ശീലം! ഈ ചൊവ്വില്ലാത്ത മനുഷ്യനിനി ചൊവ്വേലെത്തീട്ടെന്താ കാര്യം! അവിടേം കുട്ടിച്ചോറാക്കും!''

മനുഷ്യരെക്കുറിച്ച് ഓർത്തോർത്തു അവർക്കൊക്കെയും മതിയായി. പെൺപാവക്കുട്ടിയുടെ ഒറ്റക്കണ്ണിൽ വിറങ്ങലിച്ച നോട്ടം മടങ്ങിവന്നു. എലിക്കുഞ്ഞിന്റെ കരിമുത്തുകണ്ണുകൾ പഴയപടി മങ്ങിപ്പോയി. കരടിക്കുട്ടൻ കടലാസുപെട്ടിയുടെ അടിയിലേക്കു തന്നെ മുഖം പൂഴ്ത്തി. പച്ചപ്പനന്തത്ത വീണ്ടും കണ്ണുകളടച്ച് പാതിമയക്കത്തിലായി. പിന്നെ ഒരു കോട്ടുവായിട്ട് ചായത്തളികയിൽ തല ചായ്ച്ച് ബ്രഷും ഉറക്കത്തിലേക്കു തിരിച്ചുപോയി.




ശ്രീപത്മനാഭ സ്വാമിക്ഷേത്രം



# തിരുവിതാംകൂർ ചരിത്രം

**ഡോ. എം ജി ശശിഭൂഷൺ**

ലോകത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള പത്രപ്രവർത്തകർ കുറച്ചുകാലം മുൻപ് തിരുവനന്തപുരത്തേക്ക് കൂട്ടത്തോടെ എത്തിയിരുന്നു. എന്തിനെന്നോ? തിരുവനന്തപുരത്തെ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ കല്ലറകളിലെ സ്വർണാഭരണങ്ങൾ, രത്നക്കല്ലുകൾ, പുരാതനനാണയങ്ങൾ, പൂജാപാത്രങ്ങൾ തുടങ്ങിയവയെക്കുറിച്ച് അറിഞ്ഞ് വാർത്തകൾ തയ്യാറാക്കാൻ. അവർക്കു പലതും ചോദിക്കാനുണ്ടായിരുന്നു. ക്ഷേത്രത്തിന് എങ്ങനെയാണ് ഇതെല്ലാം കിട്ടിയത്? ഇത്രയുംകാലം ഇതെങ്ങനെയാണ് കാത്തുസൂക്ഷിച്ചത്? എന്തായിരിക്കും ഇതിന്റെ ഭാവി?

അങ്ങനെയാണ് തിരുവിതാംകൂറിനെക്കുറിച്ചു പറഞ്ഞുതുടങ്ങിയത്. ഇവിടം പണ്ട് തിരുവിതാംകൂർ എന്നൊരു രാജ്യമായിരുന്നെന്നും ആ രാജ്യം തന്നെ ക്ഷേത്രത്തിന്റെ കീഴിലായിരുന്നുവെന്നും പറയേണ്ടി വന്നു.

തിരുവിതാംകൂറോ? അതെന്തു 'കൂർ' എന്നു ചോദിച്ചവരുണ്ട്. ട്രാവൻകൂർ എന്നു കേട്ടപ്പോൾ അതൊരു ബാങ്കിന്റെ പേരല്ലേ എന്നാരാഞ്ഞവരും ഉണ്ടായിരുന്നു.

രാജ്യത്തെയും രാജാവിനെയും പള്ളികൊണ്ടരുളുന്ന


അനന്തശയനം



പത്മതീർത്ഥകുളം

പത്മനാഭനെയും വേർതിരിച്ചു കാണാത്ത ഒരു കാലഘട്ട ത്തെപ്പറ്റിയും ജനങ്ങളെപ്പ റ്റിയും ഒരുപാടു പറയാനുണ്ട്. ചോരയുടെയും കണ്ണുനീരി ന്റെയും പടയോട്ടത്തിന്റെയും കഥകൾ. ചതിയുടെയും ത്യാഗത്തിന്റെയും കഥകൾ. അതറിയേണ്ടേ?

മൂന്നായി മുറിഞ്ഞ ഒരു വില്ലെന്നപോലെയായിരുന്നു പണ്ടത്തെ കേരളം എന്ന റിയാമല്ലോ. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നി ങ്ങനെ മൂന്നു ദേശങ്ങളി ലായി വേർതിരിഞ്ഞു കിട ക്കുകയായിരുന്നു കേരളം. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ അംഗീകരി ക്കപ്പെട്ടതോടെയാണ്, 1956 നവംബർ ഒന്നിനു കേരള പ്പിറവി യാഥാർത്ഥ്യമായത്. രാജാക്കന്മാരുടെ ഭരണത്തി ലായിരുന്ന തിരുവിതാംകൂറും കൊച്ചിയും 1948 ൽ തന്നെ ഒന്നായിക്കഴിഞ്ഞിരുന്നു.

എന്നാൽ കേരളം എന്നറി യപ്പെട്ടിരുന്ന ഒരു ഭൂവിഭാഗം പണ്ടുപണ്ടേ തെക്കു പടി ഞ്ഞാറേന്ത്യയിൽ ഉണ്ടായി രുന്നു. ഇവിടത്തെ പ്രബല രാജാവ് കേരളപുത്രൻ എന്ന പേരിലാണ് അശോകശാസന ത്തിൽ ഇടംപിടിച്ചത്. കേരള മെന്നും മലനാടെന്നും മലൈ മണ്ഡലമെന്നും മറ്റും അറി ഞ്ഞിരുന്ന ഈ ഭൂവിഭാഗം ഒരുകാലത്തു ഭരിച്ചിരുന്നത് ചേരന്മാരായിരുന്നു. ചോഴർ, പാണ്ഡ്യർ എന്നിവരെപ്പോലെ ചേരന്മാരും സംഘകാലത്ത് (ക്രിസ്തുവർഷാരംഭത്തിനു തൊട്ടുമുൻപും പിൻപും) ദക്ഷിണേന്ത്യയിലെ ഒരു പ്രബല ശക്തിയായിരുന്നു.

തമിഴ്നാട്ടിലെ കരൂർ എന്ന ദേശമായിരുന്നു ചേര ന്മാരുടെ അന്നത്തെ ആസ്ഥാനം. മുചിരി എന്ന പേരിൽ അറിഞ്ഞിരുന്ന കൊടുങ്ങല്ലൂരിന് ഒരു തുറമുഖനഗരത്തിന്റെ



തിരുവിതാംകൂറിന്റെ ഭൂപടം

പ്രാധാന്യം ലഭിച്ചതോടെ അവിടവും ചേരന്മാരുടെ താവളങ്ങളിൽ ഒന്നായി. ഗ്രീക്കുകാരും റോമാക്കാരും മറ്റും കച്ചവടത്തിനായി പായ്ക്കപ്പലുകളിൽ മുചിരിയിൽ പതിവായി എത്തിയിരുന്നു. കുരുമുളകായിരുന്നു അവർക്ക് ഇവിടെ നിന്നു വാങ്ങാനുണ്ടായിരുന്നത്. ആഭരണങ്ങൾക്ക് ഉപയോഗിക്കാനുള്ള കല്ലുകളും മുത്തുകളും ഇവിടെ നിന്ന് കൊണ്ടുപോവുകയും കളിമൺപാത്രങ്ങളും മദ്യവും മറ്റും ഇവിടേക്ക് ഇറക്കുമതി ചെയ്യുകയും ചെയ്തു. മുളകു വാങ്ങാനായി പൊന്നുമായി എത്തിയിരുന്ന യവനക്കപ്പലുകളെക്കുറിച്ച് അകനാനൂർ, പുറനാനൂർ എന്നീ സംഘകാലരചനകളിലും പരാമർശങ്ങളുണ്ട്.


തിരുവിതാംകൂറിന്റെ പതാക

കടൽവഴി എത്തുന്ന കച്ചവടക്കാർക്കു സംരക്ഷണം നൽകുകയായിരുന്നു രാജാക്കന്മാരുടെ അന്നത്തെ ചുമതല. സംരക്ഷണം ആവശ്യമായ കച്ചവടക്കാരിൽ നിന്നു രാജാക്കന്മാർ ചുങ്കം പിരിച്ചിരുന്നു. അക്കാലത്തെ കച്ചവടപ്പാതകളിലൊന്ന് മുചിരിയിൽ നിന്നാരംഭിച്ച് കരൂരിലേക്കും പൂംപുഹാറിലേക്കും അരിക്കമേടയിലേക്കും മധുരയിലേക്കും പോയിരുന്നു. ചോഴന്മാരുടെ ആസ്ഥാനമാണ് പൂംപുഹാർ. മധുരയായിരുന്നു പാണ്ഡ്യരുടെ ആസ്ഥാനം. അരിക്കമേടാകട്ടെ ദക്ഷിണ-പൂർവേന്ത്യൻ തീരത്തെ പ്രധാന റോമൻ വാണിജ്യകേന്ദ്രവും. പാലക്കാടുചുരം കടന്നായിരുന്നു കച്ചവടക്കാരുടെ അന്നത്തെ സാഹസികയാത്ര.

തെക്കൻകേരളവും വടക്കൻ കേരളവും അക്കാലത്തു മറ്റു രണ്ടു പ്രാദേശിക ശക്തികളുടെ നിയന്ത്രണത്തിലായിരുന്നു. വടക്കൻകേരളം ഭരിച്ചിരുന്ന രാജാക്കന്മാരെ മൂഷകർ എന്നാണു പറഞ്ഞിരുന്നത്. തെക്കൻകേരളം ഭരിച്ചിരുന്നത് ആയ്‌വേളുകളും. വേൾ എന്നാൽ ചിറ്ററചൻ (സാമന്തരാജാവ്, പ്രാദേശിക രാജാവ്) എന്നർത്ഥം. ഇടയരിൽ നിന്നുണ്ടായവരാണ് ആയികൾ. തങ്ങൾ യദുവംശജരാണെന്ന് അവർ അഭിമാനിച്ചിരുന്നു. ഗുജറാത്തിൽനിന്ന് എത്തിയവർ എന്നും വംശപുരാണം പറയുമായിരുന്നു. ഇടനാടുകളിലെ ചിറ്ററചനെയും ആയ്‌വേൾ എന്നു പറഞ്ഞിരുന്നു.

കന്യാകുമാരിജില്ലയിലെ തിരുനന്തക്കര ഉണ്ടായിരുന്ന പുരാതന ചേരകുടുംബത്തിൽ നിന്നുള്ള സ്ത്രീകളെയാണ് ആയ്‌വേളുകൾ വിവാഹം കഴിച്ചിരുന്നത്. ഇവർ ചേരന്മാരായിരുന്നോ അതല്ല ചേരന്മാരുമായി രക്തബന്ധം ഉണ്ടായിരുന്ന തകിടൂരിലെ അതിയമാൻമാരുടെ പിൻതുടർച്ചക്കാർ ആയിരുന്നോ എന്നു തീർച്ചയില്ല.

അന്നത്തെ രാഷ്ട്രീയ പ്രത്യേകതകൾകൊണ്ട് ഇവർക്കു ചേരന്മാരെക്കാൾ പാണ്ഡ്യരോടായിരുന്നു വിധേയത്വം. ആയ്‌വേളുകളുടെ ആസ്ഥാനം പൊതിയൽ മലയിലെ ആയിക്കുടിയിൽ ആയിരുന്നുവത്രേ. ചെങ്കോട്ടയ്ക്കടുത്താണ് പൊതിയൽ മല. അവിടെ നിന്ന് ഇവർ തിരുവട്ടാറിൽ എത്തി (എഴിനി ആതന്റെ പൂർവികർ). തിരുവട്ടാറിൽ നിന്നു വിഴിഞ്ഞത്തേക്കും പോയി. ആയ്‌വേളുകളിലെ മറ്റൊരു ശാഖ, ഇതിനിടെ കൊല്ലത്തേക്കും പോയി.

അപ്പോഴേക്കു കൊല്ലം ഒരു പ്രമുഖ വ്യാപാരകേന്ദ്രമായി വളരാൻ തുടങ്ങിയിരുന്നു. കൊല്ലത്തുള്ള ആയ്‌വേളുകൾക്കു കൊടുങ്ങല്ലൂരുള്ള ചേരന്മാരോടായിരുന്നു പാണ്ഡ്യരോടുള്ളതിനേക്കാൾ അടുപ്പം.

വ്യാപാരികളിൽ നിന്നു ലഭിച്ചിരുന്ന ചുങ്കം മാത്രമായിരുന്നില്ല രാജാക്കന്മാരുടെ അക്കാലത്തെ വരുമാനം. കൂടുതൽ കൂടുതൽ നെൽപ്പാടങ്ങൾ വികസിപ്പിച്ചെടുക്കാനും ഉപ്പളങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും വസ്ത്രങ്ങൾ നെയ്യുന്നവരുടെ എണ്ണം കൂട്ടാനും യാത്രാസൗകര്യങ്ങൾക്കായി വഞ്ചികൾ നിർമിക്കാനും മറ്റും മലനാട്ടിലെ ചേരന്മാരും തെക്കുള്ള ആയ്‌വേളുകളും വടക്കുള്ള മൂഷകരും ഉത്സാഹിച്ചിരുന്നു.

വിഴിഞ്ഞം ആസ്ഥാനമായുള്ള ആയ്ശാഖ ചോഴ

രുടെ ആക്രമണത്തെ തുടർന്ന് അസ്തമിച്ചു. എന്നാൽ ചെറിയ ചെറിയ ആയ്കൾ അപ്പോഴും തോൽവി സമ്മതിക്കാതെ തെക്കൻ കേരളത്തിൽ പല ഭാഗങ്ങളിലും ഭരണം നടത്തിയിരുന്നു. പിൽക്കാലത്ത് ഓടനാട് എന്ന പേരിലും വെമ്പൊലിനാട് എന്ന പേരിലും അറിഞ്ഞിരുന്ന രാജ്യങ്ങൾ ഭരിച്ചിരുന്നവർ ഈ ചെറുആയ്കളിൽ നിന്ന് ഉദയംകൊണ്ടതാണ്.




സ്വാതിതിരുനാൾ മഹാരാജാവ്

കൊല്ലത്തെ ക്രിസ്ത്യാനികൾക്കായി അന്നത്തെ വേണാട് രാജാവായ അയ്യനടികൾ തിരുവടികൾ (ഒൻപതാംനൂറ്റാണ്ട്) പുറപ്പെടുവിച്ച തരിസാപ്പള്ളിപട്ടയത്തിൽ നിന്നു തെക്കൻകേരളത്തിലെ ഭരണാധികാരികൾ വ്യാപാര പ്രോത്സാഹനത്തെ എത്ര പ്രാധാന്യത്തോടെയാണ് കണ്ടിരുന്നതെന്നു മനസ്സിലാക്കാം. തരിസാപ്പള്ളി പട്ടയത്തിൽ പരാമർശിക്കുന്ന അയ്യനടികൾ തിരുവടികൾ, തിരുനെൽവേലിയിൽ നിന്നു ലഭിച്ച വെള്ളിനാണയങ്ങളിലൂടെ പ്രശസ്തനായ വീരകേരളവർമ, ദക്ഷിണേന്ത്യയുടെ ചക്രവർത്തിയായി 14-ാം നൂറ്റാണ്ടിൽ സ്ഥാനാരോഹണം ചെയ്ത സംഗ്രാമധീര രവിവർമ, യൂറോപ്യൻ നാവികശക്തിയായ ഡച്ചുകാരെ 1741ൽ കുളച്ചലിൽ വച്ചു പരാജയപ്പെടുത്തിയ മാർത്താണ്ഡവർമ, വാഗേയകാരനായ സ്വാതിതിരുനാൾ, അവസാനത്തെ നാടുവാഴിയായ ചിത്തിര തിരുനാൾ ബാലരാമവർമ എന്നിവരെല്ലാം ചരിത്രത്തെ രൂപപ്പെടുത്തിയ വേണാട് (തിരുവിതാംകൂർ) ഭരണാധികാരികളിൽ ചിലരാണ്.

തക്കല മുതൽ വർക്കല വരെയുള്ള പ്രദേശമായിരുന്നു വേണാടെന്നു കരുതുന്നവരുണ്ട്. തക്കല മുതൽ കന്നേറ്റി വരെയുള്ള പ്രദേശങ്ങൾ വേണാട്ടിൽ ഉൾപ്പെട്ടിരുന്നതായി വാദിക്കുന്നവരുമുണ്ട്. തോവാള മുതൽ കവണാറു വരെയുള്ള ദേശങ്ങളായിരുന്നു ആദ്യത്തെ തൃപ്പടിദാനത്തിൽ മാർത്താണ്ഡവർമ സമർപ്പിച്ചത്. ഭാഗിനേയനായ കാർത്തികതിരുനാൾ രാമവർമ രാജാവ് കൂടുതൽ പ്രദേശങ്ങൾ ശ്രീപത്മനാഭനു പിന്നീടു സമർപ്പിക്കുകയുണ്ടായി. (തുടരും)



ചിത്തിരതിരുനാൾ ബാലരാമവർമ



# യഥാർത്ഥ കുറ്റവാളി

**(ജാതകകഥ)**
**ചിത്രീകരണം വെങ്കി**

ബ്രഹ്മദത്തൻ വാരാണസി ഭരിക്കുന്ന കാലത്ത് ബോധിസത്വൻ ഒരു നായ ആയി ജനിച്ചു. രാജധാനിക്കടുത്തുള്ള ചുടുകാട്ടിൽ നായ്ക്കൂട്ടത്തിന്റെ നേതാവായി കഴിയുകയായിരുന്നു അവൻ.

അക്കാലത്ത് രാജാവ് ഒരു വിനോദയാത്രയ്ക്കു പോയി. തിരിച്ചുവന്നപ്പോൾ രഥം കൊട്ടാരത്തിലെ പൂന്തോട്ടത്തിൽ നിർത്തി. രാത്രിയായി. രാജാവിന്റെ വളർത്തുനായ്ക്കൾ പൂന്തോട്ടത്തിൽ കടന്നു. രഥത്തിന്റെ തുകൽകൊണ്ടുള്ള മേലാപ്പും അലങ്കാരപ്പണികളുമെല്ലാം അവർ കാർന്നുതിന്നുകയും ചെയ്തു.

പിറ്റേദിവസം രാവിലെ തേരാളി വന്നപ്പോൾ കണ്ടത് നായ്ക്കൾ അലങ്കോലപ്പെടുത്തിയ തേരാണ്. അയാൾ ഉടനെ രാജാവിനെ കാര്യം ധരിപ്പിച്ചു. അതുകേട്ട് രാജാവിനു കോപം വന്നു.





‘നായ്ക്കളെ എവിടെ കണ്ടാലും കൊന്നുകളയൂ.’ രാജാവ് ഉത്തരവിട്ടു.

രാജാവിന്റെ ഉത്തരവല്ലേ. താമസംവിനാ നായ്പിടുത്തക്കാർ തെരുവിലിറങ്ങി. നായകളെല്ലാം അവരുടെ പിടിയിലായിത്തുടങ്ങി. വാർത്ത പരന്നു. ചുടുകാട്ടിലെ നായ്ക്കൂട്ടവും ഇതറിഞ്ഞു. അവരാകെ പേടിച്ചു. ബോധിസത്വന്റെ അടുത്തെത്തി സങ്കടം ബോധിപ്പിച്ചു.

കാര്യം മനസ്സിലാക്കിയ ബോധിസത്വൻ പറഞ്ഞു.

“നിങ്ങൾ പരിഭ്രമിക്കാതിരിക്കിൻ. പരിഹാരമുണ്ടാക്കാം. ഞാൻ രാജാവിനെ ഒന്നു കണ്ടിട്ടു വരട്ടെ. അതുവരെ നായ്പിടുത്തക്കാരുടെ മുമ്പിൽപ്പെടാതെ സൂക്ഷിക്കണം.”

ആരുടെയും കണ്ണിൽപ്പെടാതെ ബോധിസത്വൻ കൊട്ടാരത്തിലെത്തി.

അസാധാരണനായ ആ നായയെ തടയാൻ കൊട്ടാരത്തിലെ കാവൽക്കാർക്കുകഴിഞ്ഞില്ല.

രാജസദസ്സു നടന്നുകൊണ്ടിരിക്കുകയാണ്.

ബോധിസത്വൻ നേരെ രാജാവിന്റെ മുന്നിലെത്തി.

അതൊരു വെറും നായ അല്ലെന്നു രാജാവിനും തോന്നി.





രാജാവിനെ നമസ്കരിച്ചിട്ട് അവൻ ചോദിച്ചു.
"പ്രഭോ, എന്തിനാണു നിരപരാധികളായ ഞങ്ങൾ നായ്ക്കളെ മുഴുവൻ കൊന്നൊടുക്കാൻ അങ്ങ് ഉത്തരവിട്ടത്?"

"കഴിഞ്ഞ രാത്രി ഏതോ നായ്ക്കൾ എന്റെ രഥത്തിന്റെ തുകൽ കൊണ്ടുള്ള അലങ്കാരങ്ങളെല്ലാം തിന്നുനശിപ്പിച്ചു. അതുതന്നെ കാരണം." രാജാവു പറഞ്ഞു.

"കുറ്റവാളി ആരെന്നു തിരിച്ചറിയാതെ, അങ്ങ് എല്ലാ നായ്ക്കളെയും കൊന്നൊടുക്കാൻ കൽപ്പിച്ചത് ശരിയായില്ല." ബോധിസത്വൻ തുടർന്നുചോദിച്ചു.

"അതിരിക്കട്ടെ, അങ്ങയുടെ കൽപ്പനയിൽനിന്ന് ഏതെങ്കിലും നായ്ക്കളെ ഒഴിവാക്കിയിട്ടുണ്ടോ?"

"ഉവ്വ്, ഈ കൊട്ടാരത്തിലെ വളർത്തുനായ്ക്കളെ ഒഴിവാക്കിയിട്ടുണ്ട്." രാജാവു പറഞ്ഞു.





അതുകേട്ട ബോധിസത്വൻ പറഞ്ഞു. "അങ്ങയുടെ ഈ പ്രവൃത്തി നീതിമാനായ ഒരു രാജാവിനു യോജിച്ചതല്ല. കുറ്റവാളിയെ കണ്ടുപിടിച്ചിട്ടു വേണമായിരുന്നു ശിക്ഷ നടപ്പിലാക്കാൻ. ഏതോ നായ്ക്കൾ അങ്ങയുടെ രഥം നശിപ്പിച്ചതിന്റെ പേരിൽ രാജ്യത്തുള്ള നിരപരാധികളായ എല്ലാ നായ്ക്കളെയും കൊന്നൊടുക്കാൻ ഉത്തരവിടുക! കൊട്ടാരത്തിലെ സുഖിമാന്മാരായ വളർത്തുനായ്ക്കളെ അതിൽനിന്നൊഴിവാക്കുക! ഇത് അങ്ങയെപ്പോലുള്ളവർക്കു ഭൂഷണമാണോ?"

"കുറ്റം ചെയ്തത് ആരാണെന്നു നിനക്കറിയാമോ?"രാജാവു ചോദിച്ചു.



“ഈ കൊട്ടാരമതിൽക്കെട്ടിനകത്തേക്ക് തെരുവുനായ്ക്കൾക്ക് കടക്കാനാവില്ല. ഇവിടത്തെ വളർത്തുനായ്ക്കൾ തന്നെയാവണം ഈ കടുംകൈ ചെയ്തത്.” ബോധിസത്വൻ പറഞ്ഞു.

“അതിനെന്താണ് തെളിവ്?” രാജാവു ചോദിച്ചു.

“ഞാൻ തെളിയിക്കാം. കുറച്ചു മോരും ദർഭയും കൊണ്ടുവരാൻ പറയൂ.” ‘മോരും ദർഭയും.’ -രാജാവു കൽപ്പിച്ചു.



ദർഭപ്പുല്ല് അരച്ചു മോരിൽ ചേർത്തു കൊട്ടാരത്തിലെ വളർത്തുനായ്ക്കൾക്കു കൊടുക്കാൻ ബോധിസത്വൻ നിർദ്ദേശിച്ചു. സേവകർ അതുപോലെ ചെയ്തു. മോരു കുടിച്ചു കഴിഞ്ഞപ്പോൾ നായ്ക്കൾ ഛർദ്ദിക്കാൻ തുടങ്ങി. ഛർദ്ദിയിലേക്കു സൂക്ഷിച്ചുനോക്കാൻ ബോധിസത്വൻ രാജാവിനോടു പറഞ്ഞു. അതിൽ നിറയെ തുകൽ കഷണങ്ങളാണു കണ്ടത്. സത്യം മനസ്സിലാക്കിയ രാജാവ് സന്തുഷ്ടനായി. അദ്ദേഹം പറഞ്ഞു. “താങ്കൾ അവതാരംതന്നെ. എന്റെ തെറ്റുകളെല്ലാം പൊറുക്കണം.”





# മുത്തശ്ശി

പ്രശാന്ത് കണ്ണോം

മുത്തശ്ശി കാക്കതൻ
പാട്ടുപാടി
കുട്ടികളെല്ലാമതേറ്റുപാടി
മുത്തശ്ശി മുയലിൻ കഥപറഞ്ഞു
കുട്ടികളോ മൂളി കേട്ടിരുന്നു
മുത്തശ്ശിയറിവു പകർന്ന കാലം
കുട്ടികളറിവിന്റെ നിറകുടമായ്
മുത്തശ്ശിയിന്നോർമ മാത്രമായി
കുട്ടികൾക്കാ നാമമന്യമായി.



വര: അനിഷ തമ്പി

Little
STAR
Saving Deposit Scheme

SBT Introduces a Single Scheme for

# Different Dreams!



* Terms and conditions apply

**Children upto 18 years in their own name or with parents**

SBT
A Long Tradition of Trust

**STATE BANK OF TRAVANCORE**

www.statebankoftravancore.com

www.facebook.com/statebankoftravancore

www.youtube.com/user/sbtofficialchannel

# സ്വർണക്കോട്ടയിലെ മയിൽ

## (ഫെലൂദയുടെ സാഹസങ്ങൾ)

**സത്യജിത് റായ്**
**പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്**

ഒന്ന്

അന്നു ഞായറാഴ്ച യായതുകൊണ്ടാവാം പ്രാതൽ കഴിഞ്ഞപ്പോൾ കൈ കഴുകി വന്ന് ഫെലൂദ ഒരു പുസ്തകമെടുത്ത് സോഫ യിലിരുന്നു വായന തുടങ്ങി. ന്യൂസ്പേപ്പർകൊണ്ടു നന്നായി പൊതിഞ്ഞിരുന്നതി നാൽ എനിക്കാ പുസ്തക ത്തിന്റെ ശീർഷകം വായി ക്കാൻ കഴിഞ്ഞില്ല. പുസ്തക പ്രേമിയായ സിദ്ദുവങ്കിളിന്റെ യടുത്തു നിന്നു വാങ്ങിച്ച പുസ്തകമാണെന്ന് എനി ക്കറിയാമായിരുന്നു. സിദ്ദുവ ങ്കിളിന് നല്ലൊരു പുസ്തക ശേഖരമുണ്ട്. എന്നാൽ ഫെലൂദയ്ക്കൊഴികെ പുസ്തകങ്ങൾ ആർക്കും കൊടുക്കുന്നത് അദ്ദേഹ ത്തിന് ഇഷ്ടമായിരുന്നില്ല. അക്കാര്യം ഫെലൂദയ്ക്കും അറിയാമായിരുന്നു. അതു കൊണ്ട് സിദ്ദുവങ്കിളിന്റെ കൈയിൽ നിന്നും വാങ്ങുന്ന പുസ്തകങ്ങൾ അദ്ദേഹം ഭംഗിയായി പൊതിഞ്ഞു സൂക്ഷിക്കുമായിരുന്നു.



വര: ടി ആർ രാജേഷ്

വായിച്ചുകൊണ്ടിരുന്ന പുസ്തകം അടച്ചുവെച്ച് ഫെലൂദ ഒരു പ്രത്യേക ശബ്ദ ത്തിൽ വിരൽഞൊടിച്ചു കൊണ്ട് പറഞ്ഞു.

''ഇവിടെയും ജ്യോമട്രി!''

''അപ്പോൾ താങ്കൾ ജ്യോമട്രിയെക്കുറിച്ചുള്ള പുസ്തകമാണോ വായിക്കു ന്നത്?'' ഞാൻ ചോദിച്ചു.

ഫെലൂദ പ്രിയപ്പെട്ട ചാർമിനാർ സിഗരറ്റ് കത്തിച്ചുവലിച്ച് രണ്ടു പുകച്ചുരുളുകൾ ശൂന്യത യിലേക്കൂതിവിട്ടുകൊണ്ടു പറഞ്ഞു.

''തപേഷ്, അങ്ങനെ ഒരു പുസ്തകമില്ല. ഒരു തരത്തിൽ പറഞ്ഞാൽ എല്ലാ പുസ്തകങ്ങളും ജ്യോമട്രി പുസ്തകങ്ങളാണെന്നു പറയാം. കാരണം ജ്യോമട്രി യുമായി ബന്ധമുള്ള കാര്യ ങ്ങളാണ് നമുക്കുചുറ്റും.

ഇപ്പോൾത്തന്നെ നീയാ പുകച്ചുരുളുകൾ കണ്ടില്ലേ? ഞാനത് ഊതിവിട്ടപ്പോൾ അവ പൂർണവൃത്തങ്ങളാ യിരുന്നു. തപേഷ് ശ്രദ്ധിച്ചു കേട്ടോളൂ. ഞാൻ നിനക്കു കുറച്ചു കാര്യങ്ങൾ പറഞ്ഞു തരാം.''

ഒന്നു നിർത്തി ഒന്നുരണ്ട് പുകച്ചുരുൾകൂടി പ്രത്യേക രീതിയിൽ ഊതിവിട്ട് ഫെലൂദ തുടർന്നു.

''ഒന്നാലോചിച്ചു നോക്കി യാൽ എവിടെയും വൃത്തങ്ങ ളുണ്ട്. നിന്റെ മുഖത്തേക്കു തന്നെ നോക്കാം, കണ്ണുക ളിലെ കൃഷ്ണമണി വൃത്താ കൃതിയിലാണ്. അതുകൊ ണ്ടാണ് നീ സൂര്യനെയും ചന്ദ്രനെയും കാണുന്നത്. യഥാർത്ഥത്തിൽ അവ ഗോള ങ്ങളാണ്. നിനക്കറിയാമോ സൗരയൂഥത്തിലെ ഗ്രഹങ്ങൾ സൂര്യനെ വലംവയ്ക്കുന്നത് വൃത്താകൃതിയിലാണ്. കുറച്ചുമുമ്പ് ജനലിലൂടെ നീ പുറത്തേക്കു തുപ്പിയതു ഞാൻ ശ്രദ്ധിച്ചിരുന്നു. വളരെ മോശപ്പെട്ട സ്വഭാവമാണത്. ഇനി നീ അതാവർത്തിച്ചാൽ നിന്റെ ചെവി ചുവക്കും. മനസ്സിലായല്ലോ! പക്ഷേ ആ തുപ്പൽ വളവുരൂപത്തിലാണ് പുറത്തേക്കു പോയത്. അതും ജ്യോമട്രിയാണ്. പ്രകൃതിയി ലേക്കു കണ്ണുതുറന്നു നോക്കി യാൽ നിറയെ ജ്യോമട്രി യാണ്. ചിലന്തികൾ വല നെയ്യുന്നതു നീ കണ്ടിട്ടുണ്ടോ?''

ഫെലൂദ എന്റെ മുഖ ത്തേക്കു നോക്കി.

''ഉവ്വ്. ഞാൻ കണ്ടിട്ടുണ്ട്.''

അത് എന്റെ ഒരു ഹോബി കൂടിയാണെന്നകാര്യം ഞാൻ ഫെലൂദയോടു പറഞ്ഞില്ല.

സോഫയുടെ മുമ്പിലുള്ള മേശമേൽ കാലുകൾ കയറ്റി വെച്ചുകൊണ്ട് ഫെലൂദ പറഞ്ഞു.

''ഒരു ചതുരത്തിൽ നിന്നാണ് ചിലന്തിവല രൂപം കൊള്ളുന്നത്. പിന്നീടത് നാലു ത്രികോണങ്ങളായി മാറുന്നു. അതിൽനിന്നു രണ്ടു നേർരേഖകൾ രണ്ടു വശത്തേക്കും പോകുന്നു. അതു കൂട്ടിമുട്ടുന്ന ഇരു കോണുകളിൽ നിന്നുമാണ് ചിലന്തിവല നെയ്തു തുടങ്ങുന്നത്. വിചിത്രവും വിസ്മയകരവുമാണത്.''

തെളിച്ചമാർന്ന ഒരു പ്രഭാ തമായിരുന്നു അത്. എല്ലാ ഞായറാഴ്ചയുംപോലെ ബാബ ബാല്യകാലസുഹൃ ത്തായ സുബിമാഷിനെ കാണാൻ പോയിരിക്കുന്നു. ഞാൻ ദിവാനിൽ ചുമരിനോടു ചേർത്തുവച്ച കുഷ്യനിൽ ചാരിയിരുന്ന് എനിക്കിഷ്ട മുള്ള ഒരു കളിയിൽ ഏർപ്പെ ട്ടിരിക്കുകയാണ്. ഒരു പ്ലാസ്റ്റിക് ഡപ്പിക്കുള്ളിൽ കുറെ കുഞ്ഞുമണികളുണ്ട്. അവയെ നിരവധി വളവു തിരിവുകളിലൂടെ കടത്തി നടുക്കുള്ള അറയിലെത്തി ക്കണം. അരമണിക്കൂറായി ഞാനതിനുള്ള തീവ്രശ്രമ ത്തിൽ ഏർപ്പെട്ടിരിക്കുക യാണ്.

ഫെലൂദ പറഞ്ഞ കാര്യ ങ്ങൾ വച്ചുനോക്കിയാൽ ഈ കളിയും ജ്യോമട്രി തന്നെയാണ്. ഞങ്ങളുടെ അയൽക്കാരായ നിരാരി ന്റെയും പിന്റുവിന്റെയും വീട്ടിൽ ദുർഗാപൂജ നടക്കു ന്നുണ്ട്. അവിടെനിന്നും ഉച്ചഭാഷിണിയിലൂടെ പാട്ടു കേൾക്കാം. അവിടെയും ജ്യോമട്രിയുണ്ടല്ലോ എന്നു ഞാൻ കൗതുകത്തോടെ ഓർത്തു. വൃത്താകൃതിയി ലുള്ള റെക്കോർഡിൽ അതിസൂക്ഷ്മമായ രേഖകൾ.

''നമ്മൾ കണ്ണുകൊണ്ടു കാണുന്ന വസ്തുക്കൾക്കു മാത്രമല്ല തപേഷ് ജ്യോമട്രി ബാധകമാകുന്നത്. ഉദാഹര ണത്തിന് മനുഷ്യമനസ്സു തന്നെയെടുക്കൂ.. അവിടെയും ജ്യോമട്രിയുണ്ട്. ഒരു സാധാ രണ മനുഷ്യന്റെ മനസ്സ് മിക്ക പ്പോഴും നേർരേഖയിലൂടെ യാണു സഞ്ചരിക്കുക. മറ്റു ചിലരുടേത് പാമ്പുകളെ പ്പോലെ വളഞ്ഞുപുളഞ്ഞു സഞ്ചരിക്കുന്ന മനസ്സായി രിക്കും. ഭ്രാന്തുള്ളവരുടെ കാര്യമൊന്നോർത്തു നോക്കൂ, ആർക്കും പ്രവചിക്കാൻ പറ്റാത്ത ഒരു ജ്യോമട്രിയായി രിക്കും അവിടെ.''

അയൽപക്കത്തെ ഉച്ച ഭാഷിണിയിൽ നിന്നും ജോണി മേരാ നാം എന്ന സിനിമയിലെ പാട്ടുകേൾക്കാം. പൂജാ അവധിയായതിനാൽ

ഒന്നാലോചിച്ചു നോക്കിയാൽ എവിടെയും വൃത്തങ്ങളുണ്ട്. നിന്റെ മുഖത്തേക്കു തന്നെ നോക്കാം, കണ്ണുകളിലെ കൃഷ്ണമണി വൃത്താകൃതിയിലാണ്. അതുകൊണ്ടാണ് നീ സൂര്യനെയും ചന്ദ്രനെയും കാണുന്നത്. യഥാർത്ഥത്തിൽ അവ ഗോളങ്ങളാണ്. നിനക്കറിയാമോ സൗരയൂഥത്തിലെ ഗ്രഹങ്ങൾ സൂര്യനെ വലംവയ്ക്കുന്നത് വൃത്താകൃതിയിലാണ്. കുറച്ചുമുമ്പ് ജനലിലൂടെ നീ പുറത്തേക്കു തുപ്പിയതു ഞാൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ ആ തുപ്പൽ വളവുരൂപത്തിലാണ് പുറത്തേക്കു പോയത്. അതും ജ്യോമട്രിയാണ്. പ്രകൃതിയിലേക്കു കണ്ണുതുറന്നു നോക്കിയാൽ നിറയെ ജ്യോമട്രിയാണ്.

ഒരു പുതിയ കേസുവന്നിരുന്നെങ്കിൽ ഫെലൂദയുടെകൂടെ പുറത്തുപോകാമായിരുന്നു. സ്കൂളുണ്ടായിരുന്നതുകൊണ്ട് കഴിഞ്ഞ രണ്ടു കേസ്സിലും തനിക്കദ്ദേഹത്തോടൊപ്പം കൂടാൻ കഴിഞ്ഞിരുന്നില്ല. പുതിയ ഒരു കേസ്സു വരണമേ എന്നു ഞാൻ തീവ്രമായി ആഗ്രഹിച്ചു. ഒരാൾ എന്തെങ്കിലും ആത്മാർത്ഥമായി ആഗ്രഹിച്ചാൽ, നല്ല മനശ്ശക്തിയുണ്ടെങ്കിൽ അതു നടക്കുമെന്ന് ഫെലൂദ പറയാറുണ്ട്. എന്തായാലും എന്റെ ഉൽക്കടമായ ആഗ്രഹമായിരിക്കാം ആ ഞായറാഴ്ചത്തെ സംഭവം!

ഫെലൂദ സിഗരറ്റിന്റെ ചാരം തൊട്ടുമുമ്പിലെ ടീപ്പോയിലുള്ള ആഷ്ട്രേയിൽ തട്ടിക്കളഞ്ഞ് ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡ് പത്രം കൈയിലെടുത്തു. ഞാൻ പുറത്തുപോയാലോ എന്നാലോചിക്കുകയായിരുന്നു. അപ്പോൾ ആരോ ശക്തിയായി വാതിലിൽ മുട്ടി.

ബാബ പന്ത്രണ്ടുമണി കഴിയാതെ എത്തില്ലെന്ന് എനിക്കുറപ്പുണ്ടായിരുന്നു. ഇതു മറ്റാരോ ആണ്. ഞാൻ വേഗം കതകുതുറന്നു. മുന്നിൽ നീലഷർട്ടും മുണ്ടും ധരിച്ച ശാന്തനായ ഒരാൾ നിൽക്കുന്നു.

''പ്രദോഷ് മിത്തർ എന്നൊരാൾ താമസിക്കുന്നത് ഇവിടെയാണോ?'' ഉച്ചഭാഷിണിയുടെ ശബ്ദമുള്ളതുകൊണ്ടാവണം വളരെ ശബ്ദമുയർത്തിയാണ് അയാളത് ചോദിച്ചത്.

തന്റെ പേരു പറയുന്നതു കേട്ടാവണം ഫെലൂദ വാതിൽക്കൽവന്നു.

''താങ്കൾ എവിടെ നിന്നാണ്?''

''ശ്യാം ബസാറ്റിൽ നിന്നും!''

വന്നയാൾ പറഞ്ഞു.

''അകത്തേക്കു വരൂ!''

അയാൾ സ്വീകരണ മുറിയിലേക്കു കയറി.

''ഇരിക്കൂ... ഞാനാണ് പ്രദോഷ്മിത്തർ.''

''ഓ... താങ്കളാണോ.. ഇത്ര ചെറുപ്പമാണെന്നു ഞാൻ കരുതിയില്ല.''

അയാൾ സോഫയ്ക്കടുത്തുള്ള കസേരയിൽ ഇരുന്നുകൊണ്ടു പറഞ്ഞു. ഉദ്ദേശിച്ച ആളെ കണ്ടുമുട്ടിയതിലുള്ള സംതൃപ്തി ആ മുഖത്തു തെളിഞ്ഞു. അതൽപ്പനേരത്തേക്കു മാത്രമായിരുന്നു. മുഖത്തു തെളിഞ്ഞിരുന്ന പുഞ്ചിരി അപ്രത്യക്ഷമായി.

''താങ്കൾക്കുവേണ്ടി ഞാൻ എന്താണുചെയ്യേണ്ടത്?''

ഫെലൂദ ചോദിച്ചു.

''എന്റെ പേര് സുധീർ ധർ...'' കൈലാശ് ചൗധരിയാണ് താങ്കളെക്കുറിച്ച് എന്നോടു പറഞ്ഞത്. അദ്ദേഹത്തിനു നിങ്ങളെ വലിയ ഇഷ്ടമാണ്. എന്റെ ഒരു ഇടപാടുകാരൻ കൂടിയാണ് ചൗധരി. കോളജുറോഡിൽ എനിക്കൊരു ബുക്ക്സ്റ്റാൾ ഉണ്ട്. ധർ &കോ; ഒരു പക്ഷേ നിങ്ങൾ കണ്ടുകാണും.''

ഫെലൂദ ഉണ്ടെന്ന് തല കുലുക്കി. എന്നിട്ട് എന്നോടു പറഞ്ഞു.

''തപേഷ് നീയീ ജനാലകൾ ഒന്നടയ്ക്കൂ.''

തെരുവിലേക്ക് തുറന്നിട്ടിരിക്കുന്ന ജനാലകൾ ഞാനടച്ചു. അതോടെ പുറത്തുനിന്നുള്ള ഉച്ചഭാഷിണിയുടെ ശബ്ദം കുറഞ്ഞു.

''താങ്കൾ കണ്ടുകാണുമോ എന്നറിയില്ല. ഒരാഴ്ച മുമ്പ് എന്റെ മകനെക്കുറിച്ച് ഒരു പത്രവാർത്ത വന്നിരുന്നു...''

''നിങ്ങളുടെ മകനെക്കുറിച്ചോ? അതെന്താ?''

''അവൻ ഒരു ജാട്ടിസ്മാറാണെന്ന്...''

ധർ അതു പൂർത്തിയാക്കുന്നതിനുമുമ്പ് ഫെലൂദ ചോദിച്ചു.

''മുകൽ എന്നൊരു കുട്ടിയുടെ കാര്യമാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?''

''അതെയതേ, അപ്പോൾ താങ്കൾ ആ വാർത്ത കണ്ടിരുന്നുവല്ലേ?''

''കണ്ടിരുന്നു. അപ്പോൾ ആ ന്യൂസ് വാസ്തവമാണല്ലോ?''

''അവൻ സംസാരിക്കുന്ന രീതിയും പറയുന്ന കാര്യങ്ങളും വച്ചുനോക്കുമ്പോൾ...''

മിസ്റ്റർ ധർ ഒന്നുനിർത്തി. ജാട്ടിസ്മാർ എന്ന വാക്കിന്റെ അർഥം ഞാൻ സ്കൂളിൽ പഠിച്ചിരുന്നു.

പൂർവജന്മത്തിലെ കാര്യങ്ങൾ വള്ളിപുള്ളി തെറ്റാതെ ഓർത്തു പറയുന്ന മനുഷ്യരെക്കുറിച്ച് കുറെ കേട്ടിട്ടുണ്ട്. എന്നാൽ ഇത്തരം കഥകളിൽ

**പത്രലേഖകനോടു എന്റെ മകൻ പറഞ്ഞതെന്താണെന്നു താങ്കൾ ഓർക്കുന്നുണ്ടാകും. അവന് എട്ടുവയസ്സു മാത്രമേ പ്രായമുള്ളു. അവൻ കണ്ടതായി പറയുന്ന ഒരു സ്ഥലത്തെക്കുറിച്ചാണ് അന്നു വിശദീകരിച്ചത്. പക്ഷേ എന്റെ കുടുംബത്തിലെ ആരും എന്റെ മുത്തച്ഛൻമാർ പോലും അങ്ങനെ ഒരു സ്ഥലത്തു പോയിട്ടില്ല. പിന്നെയല്ലേ എട്ടുവയസ്സുകാരനായ എന്റെമകൻ! ഞങ്ങൾ സാധാരണക്കാരാണ്. എനിക്കാകെയുള്ളത് ആ പുസ്തകക്കടയാണ്.**

എന്തെങ്കിലും സത്യമുണ്ടോ എന്ന കാര്യത്തിൽ ഫെലൂദ പോലും സംശയാലുവാണ്.

ഫെലൂദ ഒരു ചാർമിനാർ സിഗരറ്റിന് തീ കൊളുത്തി. പാക്കറ്റ് മിസ്റ്റർ ധറിനു നേരെ നീട്ടി. അയാൾ പുഞ്ചിരിച്ചു കൊണ്ട് വേണ്ടെന്നു തലയാട്ടി.

''പത്രലേഖകനോടു എന്റെ മകൻ പറഞ്ഞതെന്താണെന്നു താങ്കൾ ഓർക്കുന്നുണ്ടാകും. അവന് എട്ടുവയസ്സു മാത്രമേ പ്രായമുള്ളു. അവൻ കണ്ടതായി പറയുന്ന ഒരു സ്ഥലത്തെക്കുറിച്ചാണ് അന്നു വിശദീകരിച്ചത്. പക്ഷേ എന്റെ കുടുംബത്തിലെ ആരും എന്റെ മുത്തച്ഛൻമാർ പോലും അങ്ങനെ ഒരു സ്ഥലത്തു പോയിട്ടില്ല. പിന്നെയല്ലേ എട്ടുവയസ്സുകാരനായ എന്റെ മകൻ! ഞങ്ങൾ സാധാരണക്കാരാണ്. എനിക്കാകെയുള്ളത് ആ പുസ്തകക്കടയാണ്.''

''ഒരു കോട്ടയെക്കുറിച്ചല്ലേ നിങ്ങളുടെ മകൻ ഇടയ്ക്കിടെ പറയാറുള്ളത്.''

''അതെ ഒരു സ്വർണക്കോട്ടയെക്കുറിച്ച്. കോട്ടയുടെ മുകളിൽ ഒരു പീരങ്കി, എത്രയോ യുദ്ധങ്ങൾ, ധാരാളംപേർ യുദ്ധത്തിൽ കൊല്ലപ്പെടുന്നു. ഇതൊക്കെ നേരിട്ടുകണ്ടതായാണ് മകൻ പറയുന്നത്. മാത്രമല്ല ഒരു തലപ്പാവു ധരിച്ചു മരുഭൂമിയിലൂടെ ഒട്ടകപ്പുറത്ത് അവൻ സഞ്ചരിക്കാറുണ്ടെത്രേ! മരുഭൂമിയുടെ കാര്യം എപ്പോഴും പറയും. പിന്നെ കുറെ മൃഗങ്ങളുടെ പേരും. ഒട്ടകം, ആനകൾ, കുതിരകൾ... അങ്ങനെ പിന്നെ മയിലുകളെക്കുറിച്ചും ഇടയ്ക്കിടെ ഓർത്തു പറയും. അവന്റെ കൈമുട്ടിനടുത്ത്



ഒരു പാടുണ്ട്. അതൊരു മറുകാണെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ അവനെ ഒരിക്കൽ ഒരു മയിൽ ആക്രമിച്ചുവെന്നും അതുകൊത്തിയതിന്റെ പാടാണ് കൈയിൽ കാണുന്നതെന്നുമാണ് മകൻ പറയുന്നത്.

''എവിടെയാണു താമസിച്ചിരുന്നതെന്ന് എപ്പോഴെങ്കിലും അവൻ ഓർത്തു പറഞ്ഞിട്ടുണ്ടോ?''

''അതില്ല. എന്നാൽ അവന്റെ വീട്ടിൽനിന്നു നോക്കിയാൽ സ്വർണക്കോട്ട കാണാൻ കഴിയുമായിരുന്നുവെന്നു പറഞ്ഞിട്ടുണ്ട്. പെൻസിൽകൊണ്ടു ചില രൂപങ്ങൾ വരച്ച് ഇതാണ് എന്റെ വീട്. എന്നും പറയാറുണ്ട്. അതു നോക്കിയാൽ ഒരു വീടുപോലിരിക്കും.''

''മിസ്റ്റർ ധർ നിങ്ങൾക്കൊരു പുസ്തകക്കടയുണ്ടെന്നല്ലേ പറഞ്ഞത്. അതൊക്കെ

അവൻ വല്ല പുസ്തകത്തിലും കണ്ടതാകാൻ വഴിയില്ലേ?''

''അതു ശരിയാണ്. മറ്റു കുട്ടികളും പുസ്തകങ്ങളിലെ ചിത്രങ്ങൾ നോക്കാറുണ്ടല്ലോ. അവരാരും തന്നെ നിർത്താതെ അതിനെക്കുറിച്ചു പറയാറില്ലല്ലോ. താങ്കൾ എന്റെ മകനെ നേരിട്ടു കണ്ടിട്ടില്ലല്ലോ... അവനിപ്പോൾ ആകെ മാറിയിരിക്കുന്നു. മനസ്സു മറ്റെവിടെയോ ആണ്. ഞങ്ങളോടാരോടുംതന്നെ അവനു വലിയ അടുപ്പമുള്ളതായി തോന്നില്ല. സംസാരിക്കുമ്പോൾ ഞങ്ങളുടെ മുഖത്തുപോലും നോക്കാറില്ല.''

അയാളുടെ സ്വരത്തിൽ വിഷമവും വിഷാദവുമുണ്ടായിരുന്നു.

''ഇതെല്ലാം എന്നാണു തുടങ്ങിയത്?''

ഫെലൂദ ചോദിച്ചു.

''ഒന്നുരണ്ടു മാസമേ ആയിട്ടുള്ളൂ. ആ ചിത്രങ്ങൾ വരച്ചുകൊണ്ടാണ് തുടങ്ങിയത്? നല്ല മഴയുള്ള ഒരു ദിവസമായിരുന്നു. ഞാൻ കടയിൽ നിന്നും വീട്ടിലെത്തിയപ്പോൾ മുകൽ അവൻ വരച്ച കുറെ ചിത്രങ്ങൾ എന്നെ കാണിച്ചു. ആദ്യം ഞാനതത്ര കാര്യമാക്കിയിരുന്നില്ല. സങ്കൽപ്പങ്ങളും ഭാവനയും ചേർത്ത് ഇത്തരം ചിത്രങ്ങൾ വരയ്ക്കുന്ന കുട്ടികൾ ഉണ്ടാകുമല്ലോ... അതിനെക്കുറിച്ച് വാതോരാതെ പറയുകയും ചെയ്യും. അതുകൊണ്ടുതന്നെ ഞാൻ, അവൻ പറയുന്നത് കാര്യമാക്കിയില്ല. എന്നാൽ എന്റെ ഭാര്യയ്ക്ക് ഇതിൽ എന്തോ പിശകുണ്ടെന്നു മനസ്സിലായി. അതിനുശേഷം ഞാനും



അവൻ പറയുന്നത് ശ്രദ്ധി ക്കാനും അവന്റെ സ്വഭാവ ത്തിലെ വ്യത്യാസങ്ങൾ നിരീക്ഷിക്കാനും തുടങ്ങി. പിന്നെ എന്റെ ഒരു ഇടപാടു കാരൻ ഡോ. ഹേമംഗ ഹാജ്റ അദ്ദേഹത്തെക്കുറിച്ച് അറിയാമോ?''

''അറിയാം... അറിയാം... പാരാസൈക്കോളജിസ്റ്റില്ലേ? പത്രറിപ്പോർട്ടിൽ അദ്ദേഹം താങ്കളുടെ മകനുമൊത്ത് എവിടെയോ യാത്രപോകുന്ന കാര്യവും പറഞ്ഞിരുന്നവല്ലോ.''

''അവർ പോയിക്കഴിഞ്ഞു മിസ്റ്റർ. ഡോ. ഹാജ്റ രണ്ടു മൂന്നു തവണ എന്റെ വീട്ടിൽ വന്നിരുന്നു. മരുഭൂമിയുടെ കാര്യം ആവർത്തിച്ചു

''പിന്നെന്തു സംഭവിച്ചു?'' ഫെലൂദയ്ക്ക് ആകാംക്ഷ യായി.

''അതിനുശേഷം അവർ യാത്രതിരിച്ചു.'' വീടു വിട്ടു പോകുന്നതിൽ മുകലിനു വിഷമമൊന്നും ഉണ്ടായില്ലേ?''

വിഷാദത്തിൽ ചാലിച്ച ഒരു പുഞ്ചിരിയോടെ മിസ്റ്റർ ധർ പറഞ്ഞു.

''ഒരു വിഷമവും അവന് ഉണ്ടായില്ലെന്നു മാത്രമല്ല, സ്വർണക്കോട്ട കാണാനുള്ള ആകാംക്ഷയോടെ എത്രയും പെട്ടെന്ന് അവിടെ എത്താ നുള്ള ധൃതിയായിരുന്നു.''

മിസ്റ്റർ ധർ മകനെക്കു റിച്ചു ധാരാളം പറഞ്ഞു. എന്നാൽ ഇപ്പോഴും ഫെലൂദ

**മുജ്ജന്മങ്ങളിലെ സംഭവങ്ങൾ ഓർത്തെടുക്കുന്നതിനെ ക്കുറിച്ച് ഗവേഷണം നടത്തുകയാണ് ഡോ. ഹാജ്റ. മുക ലിനെ രാജ്പുത്താനയിലേക്കു കൊണ്ടുപോയാൽ കുറെ കാര്യങ്ങൾ അവനു ഓർത്തെടുക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു. അത് അദ്ദേഹത്തിന്റെ ഗവേഷണ ത്തിനുഏറെ സഹായകരമാകുമെന്നും യാത്രാച്ചെലവു കളെല്ലാം വഹിച്ചോളാമെന്നും ഡോ.ഹാജ്റ പറഞ്ഞതു കൊണ്ടാണ് അവനെ വിടാൻ ഞങ്ങൾ സമ്മതിച്ചത്.**

വരുന്നതുകൊണ്ട് മുകൽ രാജസ്ഥാനെക്കുറിച്ചാവും സംസാരിക്കുന്നതെന്ന് അദ്ദേഹം വിചാരിച്ചു. മുജ്ജന്മ ങ്ങളിലെ സംഭവങ്ങൾ ഓർ ത്തെടുക്കുന്നതിനെക്കുറിച്ച് ഗവേഷണം നടത്തുകയാണ് ഡോ. ഹാജ്റ. മുകലിനെ രാജ്പുത്താനയിലേക്കു കൊണ്ടുപോയാൽ കുറെ കാര്യങ്ങൾ അവനു ഓർത്തെ ടുക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു. അത് അദ്ദേഹ ത്തിന്റെ ഗവേഷണത്തിനു ഏറെ സഹായകരമാകു മെന്നും യാത്രാച്ചെലവുക ളെല്ലാം വഹിച്ചോളാമെന്നും ഡോ.ഹാജ്റ പറഞ്ഞതു കൊണ്ടാണ് അവനെ വിടാൻ ഞങ്ങൾ സമ്മതിച്ചത്.''

യെ കാണാൻ വന്നതെന്തി നെന്നോ ഒരു രഹസ്യാന്വേഷ കന്റെ സഹായം തേടുന്ന തെന്തുകൊണ്ടെന്നോ അദ്ദേഹം പറഞ്ഞില്ല. പക്ഷേ ഫെലൂദയുടെ ചോദ്യം സംഭാഷണത്തെ മറ്റൊരു ദിശയിലേക്കു മാറ്റി.

''മുജ്ജന്മത്തിലെ കാര്യ ങ്ങൾ പറയുന്ന കൂട്ടത്തിൽ ഒളിപ്പിച്ചുവച്ച നിധിയെപ്പറ്റി നിങ്ങളുടെ മകൻ എന്തോ പറഞ്ഞിരുന്നല്ലോ?''

മിസ്റ്റർ ധറിന്റെ മുഖം പെട്ടെന്നു വിളറി. ഒരു ദീർഘ നിശ്വാസത്തോടെ അദ്ദേഹം പറഞ്ഞു.

''അക്കാര്യം അവൻ എന്നോടു നേരത്തേ പറഞ്ഞി രുന്നു. എന്നാൽ പത്രലേഖക നോടു പറഞ്ഞപ്പോൾ അതു പ്രശ്നമായി.''

''അതെന്തുപറ്റി?''

ഫെലൂദ ചോദിച്ചു. എന്നിട്ട് അടുക്കളയിലേക്കു നോക്കി പാചകക്കാരൻ ശ്രീനാഥിനോടു ചായ കൊണ്ടുവരാൻ വിളിച്ചു പറഞ്ഞു.

''അതു ഞാൻ പറയാം... ഡോ. ഹാജ്റ ഇന്നലെ രാവിലെ തുഫാൻ എക്സ് പ്രസ്സിൽ മുകലുമായി യാത്ര തിരിച്ചു.''

''പിന്നെ... രാജസ്ഥാനിൽ എവിടേക്കാണ് അദ്ദേഹം പോകുന്നതെന്ന് പറഞ്ഞിരു ന്നോ?'' ഫെലൂദ ഇടയിൽക്ക യറി ചോദിച്ചു.

''ജോധ്പൂരിലേക്കാണെ ന്നാണ് ഡോ. ഹാജ്റ പറഞ്ഞത്. മുകൽ മരുഭൂമി യുടെ കാര്യം ഇടയ്ക്കിടെ പറയുന്നതുകൊണ്ട് വടക്കു പടിഞ്ഞാറ്റുനിന്നു യാത്ര തുടങ്ങാമെന്നാണ് അദ്ദേഹം പറഞ്ഞത്. അതല്ല പ്രശ്നം...''

മിസ്റ്റർ ധറിന്റെ മുഖത്ത് അപ്രതീക്ഷിതമായ ഒരു ഭാവമാറ്റം പ്രത്യക്ഷമായി.

''ഡോ. ഹാജ്റയും മുകലും യാത്രയായതിനു ശേഷം ഇവിടെനിന്നു അവന്റെ പ്രായവും രൂപ സാദൃശ്യവുമുള്ള ഒരു കുട്ടിയെ കാണാതായി.''

''ആരെങ്കിലും തട്ടി ക്കൊണ്ടുപോയതാണോ?''

ഫെലൂദ ചോദിച്ചു.

''അതെ. കിഡ്നാപ്പിംഗ്...''

മിസ്റ്റർ ധറിന്റെ മറുപടി കേട്ടപ്പോൾ എണ്ണമറ്റ സംശ യങ്ങളുടെ തിരമാലകൾ ഒന്നിനു പിറകെ ഒന്നായി എന്റെ മനസ്സിലേക്കു തള്ളിക്കയറിവന്നു. ഫെലൂദയും അസ്വസ്ഥ നായിരുന്നു.

(തുടരും)


# ആമാശയത്തിനു 'ജനാല' പണിത ശാസ്ത്രജ്ഞൻ

പ്രൊഫ. എസ് ശിവദാസ്



മാമാ, എനിക്കും ഒരു ശാസ്ത്രജ്ഞയാകണമെന്ന ആഗ്രഹമുണ്ട്. പരീക്ഷയ്ക്കു സയൻസിനു നല്ല മാർക്കും ഉണ്ട്. എന്നാൽ ഈ ശാസ്ത്രത്തിൽ ഒത്തിരി പഠിക്കാനുണ്ട് എന്നു പറയുന്നു. ഒത്തിരിനേരം പരീക്ഷണങ്ങൾ ചെയ്തു നേരം കളയേണ്ടിയും വരുമെന്നും കേട്ടു. അപ്പോഴൊരു സംശയം. അതു ബോറടിക്കുകയില്ലേ? ഇത്രയേറെ കഷ്ടപ്പാടു സഹിക്കാനുള്ള ക്ഷമ ഞങ്ങളേപ്പോലുള്ള കുട്ടികൾക്കുണ്ടാകുമോ? ശാസ്ത്രജ്ഞയാകണം എന്ന മോഹം ഉപേക്ഷിച്ചാലോ എന്നാണ് എന്റെ ഇപ്പോഴത്തെ ചിന്ത. മാമന്റെ അഭിപ്രായമെന്താണ്?

കണ്ടോ ഒരു കാന്താരിക്കുട്ടിയുടെ കത്ത്. ശാസ്ത്രം പഠിച്ചു മടുക്കുകയില്ലേ എന്ന്. പരീക്ഷണം ചെയ്തു മടുക്കുകയില്ലേയെന്ന്! നല്ല ചോദ്യം. അനേകം കൂട്ടുകാരുടെ ഉള്ളിലൊളിച്ചിരിക്കുന്ന ചോദ്യമാണ്. മറുപടി പറയുന്നതിനു മുമ്പ് ആദ്യം ഒരു കഥ പറയാം. ഒരിക്കൽ ഒരു ശാസ്ത്രജ്ഞന് ദഹനപ്രക്രിയകളെപ്പറ്റി പഠിക്കണമെന്നു തോന്നി. ചെറുപ്പംമുതലേ ചുറ്റുപാടും കണ്ടും കേട്ടും നിരീക്ഷിച്ചും പ്രകൃതി ശാസ്ത്രത്തോടു കമ്പം



കയറിയ ആൾ ആയിരുന്നു അദ്ദേഹം. അച്ഛൻ പുരോഹിതനായിരുന്നു. ദരിദ്രനും. അതിനാൽ വീട്ടിലിരുത്തിയായിരുന്നു ആദ്യം പഠിപ്പിച്ചത്. പഠിത്തം കഴിഞ്ഞുള്ള സമയം ആ കുട്ടി വീട്ടുജോലികൾ ചെയ്തു. ഇളയകുട്ടികളെ കുളിപ്പിക്കാനും ആഹാരം നൽകാനും കളിപ്പിക്കാനും ഉറക്കാനുമൊക്കെ ആ കുട്ടി നേരം ചെലവഴിച്ചു. പിതാവിനെ കൃഷിപ്പണിയിൽ സഹായിക്കുകയും ചെയ്തു. അങ്ങനെ നന്നായി അധ്വാനിക്കാൻ ആ കുട്ടി വളരെ ചെറുപ്പത്തിലെ പഠിച്ചു, ജീവിത വിജയത്തിനു വേണ്ട ആദ്യ പാഠം.

ഒരുനാൾ ആ കുട്ടി മുകളിൽ നിന്നു താഴെ വീണു. കഠിനമായ മുറിവേറ്റു. അനേ

കംനാൾ ചികിത്സിച്ചിട്ടാണ് മുറിവുണങ്ങിയത്. അക്കാലത്തും ആ കുട്ടി പഠനത്തിൽ ശ്രദ്ധിച്ചു. പണമില്ലാത്തതു കൊണ്ടു പിതാവ് മകനെ ഒരു സെമിനാരിയിൽ ചേർത്തു. പഠിച്ച് പുരോഹിതനാകട്ടെ എന്നായിരുന്നു പിതാവിന്റെ പ്ലാൻ. സെമിനാരിയിൽ താമസവും ഭക്ഷണവും ഫ്രീ. പഠിക്കാൻ ഫീസും ഇല്ല. പക്ഷേ ഭാവിയിൽ പുരോഹിതനാകണമെന്ന നിർബന്ധം സെമിനാരിയുടെ ഭാരവാഹികൾ പ്രകടിപ്പിച്ചു.

എന്നാൽ ആ കുട്ടി പുരോഹിതനാകാൻ തയ്യാറായില്ല. ഇരുപത്തിയൊന്നാം വയസ്സിൽ സെന്റ് പീറ്റേഴ്സ് സർവകലാശാലയിൽ ചേർന്നുപഠിച്ച് അയാൾ മെഡിക്കൽ ബിരുദം നേടി. അപ്പോഴും ശാസ്ത്രഗവേഷണം തുടർന്നു. അതിനിടെ വിവാഹവും കഴിച്ചു. പക്ഷേ ശമ്പളം വളരെ കുറവായിരുന്നു. ആ ശമ്പളത്തിൽ തന്നെ സിംഹഭാഗവും അദ്ദേഹം ജന്തുക്കളെ വാങ്ങാനും വളർത്താനും മറ്റും ചെലവാക്കി. വീട്ടിൽ ദാരിദ്ര്യം കൂടി.

അവസാനം 1890ൽ അദ്ദേഹം ശരീരശാസ്ത്ര വകുപ്പിന്റെ പ്രൊഫസറായി. അതോടെ രാപ്പകലായി പരീക്ഷണം.

നായ്ക്കളെയും മറ്റും കീറിമുറിച്ച് ദഹനരഹസ്യങ്ങൾ പഠിക്കുകയായിരുന്നു അദ്ദേഹം. അതിനായി പരീക്ഷണമൃഗങ്ങളുടെ ആമാശയഭിത്തികളിൽ വലിയ ദ്വാരമുണ്ടാക്കി. 'ആമാശയത്തിനു ജനൽ' ഉണ്ടാക്കി. എന്നിട്ട് ആമാശയത്തിൽവെച്ചു ഭക്ഷണത്തിനു വരുന്ന മാറ്റങ്ങൾ പഠിച്ചു. ദഹനരസങ്ങളെപ്പറ്റി പഠിച്ചു. എത്ര വർഷമെന്നോ? പതിനാലുവർഷം!

എന്തൊരു ക്ഷമ അല്ലേ? ആ ദീർഘകാലത്തെ പഠനത്തിലൂടെ ദഹനപ്രക്രിയയെപ്പറ്റി, അതിൽ നാഡീകോശങ്ങളുടെ പങ്കിനെപ്പറ്റി എല്ലാം അദ്ദേഹം വിശദമായി പഠിച്ച് ഫലങ്ങൾ പ്രസിദ്ധീകരിച്ചു. ആ പഠനങ്ങൾ തീരും മുമ്പുതന്നെ 1904ൽ അദ്ദേഹത്തിനു നൊബേൽ സമ്മാനം ലഭിച്ചു. അദ്ദേഹത്തിന്റെ പേരാണ് ഇവാൻ പെട്രോവിച്ച് പാവ്‌ലോവ് ( Ivan Petrovich Pavlov).

കണ്ടോകളി. അദ്ദേഹത്തിനു പരീക്ഷണം ചെയ്യാൻ ബോറടിച്ചില്ല. എത്ര പഠിച്ചിട്ടും മടുപ്പുണ്ടായില്ല. എന്താ കാരണം ? അദ്ദേഹത്തിനു ശാസ്ത്രം രസിച്ചു. അദ്ദേഹം പഠിച്ചുരസിച്ചു. രസിച്ചുപഠിച്ചു. പഠനം അങ്ങനെ പാൽപ്പായസമായി മാറി.

എല്ലാ കാന്താരിക്കുട്ടികളും അങ്ങനെ പഠിച്ചാൽ പഠനം രസകരമാകും. അനായാസവുമാകും. അങ്ങനെ പഠിക്കുന്നവർ എത്ര പഠിച്ചാലും നിർത്തില്ല.

പാവ്‌ലോവ് ദഹനത്തെപ്പറ്റി പഠിച്ചു. നൊബേൽ സമ്മാനം വാങ്ങിയിട്ടും നിർത്തിയില്ല. പിന്നീടാണ് ഏറ്റവും വലിയ കണ്ടുപിടുത്തം അദ്ദേഹം നടത്തിയത്. വിശന്നിരിക്കുന്ന നായ്ക്കളുടെ മുന്നിൽ ഭക്ഷണം കാണിക്കുമ്പോൾ ബെല്ലടിച്ചുകൊണ്ടിരുന്നു അദ്ദേഹം. അപ്പോഴൊക്കെ നായയുടെ വായിൽ ഉമിനീരുണ്ടായി. പിന്നെ അദ്ദേഹം ഭക്ഷണം കാണിക്കാതെ ബെല്ലുമാത്രമടിച്ചപ്പോഴും നായുടെ വായിൽ ഉമിനീരുണ്ടാകുന്നു എന്നു കണ്ടുപിടിച്ചു.

അതിൽ നിന്നുമാണ് സോപാധിക ചേഷ്ടാപ്രവർത്തനം (Conditioned Reflex) എന്ന പ്രതിഭാസം അദ്ദേഹം കണ്ടെത്തിയത്. മഹത്തായ ആ കണ്ടുപിടുത്തം പാവ്‌ലോവിനെ അനശ്വരനുമാക്കി.

അപ്പോൾ പ്രിയപ്പെട്ട കാന്താരിക്കുട്ടികളേ! പഠനം രസകരമാകണം. ആക്കണം. അതിനു പഠിക്കുന്ന വിഷയത്തെ സ്നേഹിക്കണം. ഇഷ്ടപ്പെടണം. അപ്പോൾ എല്ലാ കാന്താരികളും പഠിച്ചു മിടുക്കരുമാകും.

പരീക്ഷണമൃഗങ്ങളുടെ ആമാശയഭിത്തികളിൽവലിയ ദ്വാരമുണ്ടാക്കി. എന്നിട്ട് ആമാശയത്തിൽ വച്ചു ഭക്ഷണത്തിനു വരുന്ന മാറ്റങ്ങൾ പഠിച്ചു. ദഹനരസങ്ങളെപ്പറ്റി പഠിച്ചു. പതിനാലു വർഷം! ആ ദീർഘകാലത്തെ പഠനത്തിലൂടെ ദഹനപ്രക്രിയയെപ്പറ്റി, അതിൽ നാഡീകോശങ്ങളുടെ പങ്കിനെപ്പറ്റി എല്ലാം അദ്ദേഹം വിശദമായി പഠിച്ചു . ആ പഠനങ്ങൾ തീരുംമുമ്പുതന്നെ 1904 ൽ അദ്ദേഹത്തിനു നൊബേൽ സമ്മാനം ലഭിച്ചു.

# ലാലന്റെ അമ്മ

സമയം ഉച്ചയാകാറായി, പഴയ ഡൽഹി റെയിൽവേസ്റ്റേഷൻ. ഏതോ ദൂരഗ്രാമത്തിൽ നിന്ന് ഇരച്ചു നീങ്ങിവന്ന തീവണ്ടിയിൽ നിന്നു കൈയിൽ ഒരു ഭാണ്ഡവുമായി വൃദ്ധയായ ഒരു നാട്ടിൻപുറത്തുകാരി പുറത്തിറങ്ങി. വിലകുറഞ്ഞ ഒരു പരുക്കൻ പരുത്തിസാരി തലമറച്ച് ഉടുത്തിട്ടുണ്ട്. വടക്കേയിന്ത്യയിലെ വിധവാവേഷം. വൃദ്ധ നാലുപാടും നോക്കി. എങ്ങോട്ടുപോകണമെന്ന് അറിയാതെ കുറച്ചു നേരംനിന്ന് ആലോചിച്ചു. എന്നിട്ട് അവിടെ നിന്ന റെയിൽവേ ചുമട്ടുതൊഴിലാളികളുടെ അടുക്കൽ എത്തി, വാൽസല്യത്തോടെ ചോദിച്ചു. 'മക്കളേ, എന്റെ മോൻ ലാലൻ എവിടെയാ താമസിക്കുന്നത്?'

തൊഴിലാളികൾ ചിരിച്ചു. 'ഏതു ലാലനാണു മാതാജി? ഈ ജില്ലയിൽ പതിനായിരം ലാലൻമാരുണ്ട്. വൃദ്ധയ്ക്കു കൂസലൊന്നുമില്ല. അവർ പറഞ്ഞു. 'എന്റെ അയൽവക്കത്തുകാർ പറഞ്ഞല്ലോ, ദില്ലി തീവണ്ടിസ്റ്റേഷനിൽ ഇറങ്ങി ചോദിച്ചാൽ മതിയാകുമെന്ന്.' തൊഴിലാളികൾ പൊട്ടിച്ചിരിച്ചു. 'ആരെടാ ഈ ലാലൻ അവനത്ര വലിയ ആളാണോ, എന്താ അവന്റെ പേര്, ജോലി, എവിടെ താമസിക്കുന്നു? ചുമ്മാ ഇങ്ങനെ പറഞ്ഞാൽ ഞങ്ങൾ എങ്ങനെ വഴി പറഞ്ഞുതരും.' വൃദ്ധപറഞ്ഞു. 'മക്കളെ അവന്റെ പേര് ലാലാ ബഹദൂർ എന്നാണ്. ഏതോ ഒരു സർക്കാർ കെട്ടിടത്തിലാണ് താമസിക്കുന്നത്.' വീണ്ടും ചിരി മുഴങ്ങി. 'സർക്കാർ കെട്ടിടത്തിലെ സെക്യൂരിറ്റിയോ, അടുക്കളപ്പണിക്കാരനോ ആയിരിക്കും. മാതാജി ഇങ്ങനെയൊന്നും പറഞ്ഞാൽ കണ്ടുപിടിക്കാൻ പറ്റില്ല.' വൃദ്ധ ശാഠ്യം പിടിച്ചു. 'അവനെ കണ്ടുപിടിക്കാൻ വിഷമമൊന്നുമില്ലാ ഡൽഹിയിൽ വന്നു ചോദിച്ചാൽ മതിയെന്നാണല്ലോ ഗ്രാമമുഖ്യൻ പറഞ്ഞത്.



വര: സുരേഷ് പരിയാരത്ത്

ലാൽ ബഹദൂർ എന്നാണവന്റെ പേര്.' അവരിൽ ഒരുവൻ ഉറക്കെ ചിരിച്ചു. 'ദില്ലിയിലെ എല്ലാവരും അറിയുന്ന ഒരു ലാൽ ബഹദൂറെ ഉള്ളൂ. അത് പക്ഷേ പ്രധാനമന്ത്രിയാണ്. ഈ കിളവിയുടെ മോൻ പ്രധാനമന്ത്രിയായിരിക്കും.' വീണ്ടും കൂട്ടച്ചിരി.

വൃദ്ധ അക്ഷോഭ്യയായി പറഞ്ഞു. 'അതെ മക്കളെ അവനേതാണ്ട് മന്ത്രിയോ മറ്റോ ആണെന്നാണ് പറഞ്ഞത്.' ഇതെല്ലാം ശ്രദ്ധിച്ചു രസിച്ചുനിന്ന ഒരു റെയിൽവെ പോലീസുകാരനെ ചൂണ്ടിക്കാട്ടി തൊഴിലാളികൾ പറഞ്ഞു. 'മാതാജി, എങ്കിലാ പോലീസുകാരന് അറിയാമായിരിക്കും.'

എല്ലാവരും ചിരിക്കുകയാണ്. 'ആരാ അമ്മേ നിങ്ങളുടെ മകൻ.' പോലീസുകാരന്റെ ഊഴമായി ചോദ്യം. വൃദ്ധ സാരിത്തുമ്പിൽ കെട്ടിയിരുന്ന ഒരു കടലാസെടുത്ത് പോലീസുകാരനെ കാണിച്ചു. അതു വായിച്ച പോലീസുകാരൻ ഒരു ഞെട്ടലോടെ വൃദ്ധയെ തുറിച്ചുനോക്കി. പിന്നെ നിവർന്നു നിന്ന് ഒരു സല്യൂട്ട് അടിച്ചു. എന്നിട്ട് ഓടിപ്പോയി.



**ഇതെല്ലാം ശ്രദ്ധിച്ചു രസിച്ചുനിന്ന ഒരു റെയിൽവെ പോലീസുകാരനെ ചൂണ്ടിക്കാട്ടി തൊഴിലാളികൾ പറഞ്ഞു. 'മാതാജി, എങ്കിലാ പോലീസുകാരന് അറിയാമായിരിക്കും.'**

**എല്ലാവരും ചിരിക്കുകയാണ്. 'ആരാ അമ്മേ നിങ്ങളുടെ മകൻ.' പോലീസുകാരന്റെ ഊഴമായി ചോദ്യം. വൃദ്ധ സാരിത്തുമ്പിൽ കെട്ടിയിരുന്ന ഒരു കടലാസെടുത്ത് പോലീസുകാരനെ കാണിച്ചു. അതു വായിച്ച പോലീസുകാരൻ ഒരു ഞെട്ടലോടെ വൃദ്ധയെ തുറിച്ചുനോക്കി. പിന്നെ നിവർന്നു നിന്ന് ഒരു സല്യൂട്ട് അടിച്ചു. എന്നിട്ട് ഓടിപ്പോയി.**

പത്തുമിനിട്ടു കഴിഞ്ഞപ്പോഴേക്കു സൈറൺ മുഴക്കിക്കൊണ്ടെത്തിയ പൈലറ്റ് ജീപ്പിനു പിന്നിൽ ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വാഹനം കൊടിപറത്തിക്കൊണ്ടു സ്റ്റേഷനുമുന്നിൽ വന്നുനിന്നു. കാറിൽ നിന്നു പെട്ടെന്നിറങ്ങിയ ഇന്ത്യയുടെ പ്രധാനമന്ത്രി സാക്ഷാൽ ലാൽ ബഹദൂർ ശാസ്ത്രി തിടുക്കത്തിൽ സ്റ്റേഷനുള്ളിലേക്ക് ഓടിക്കയറി. അവിടെ വെറും തറയിൽ അരികിലൊരു ഭാണ്ഡക്കെട്ടുമായി ഇരിക്കുന്ന വൃദ്ധ. ചുറ്റിലും ഒരു പറ്റം തൊഴിലാളികളും പോലീസുകാരും അമ്പരന്ന മുഖത്തോടെ നിൽക്കുന്നു. ഓടിച്ചെന്ന് ആ വൃദ്ധയുടെ പാദംതൊട്ടു നമസ്കരിച്ച് ഇന്ത്യൻ പ്രധാനമന്ത്രി കണ്ണുനീരോടെ ചോദിച്ചു. 'അമ്മേ, ഒന്നറിയിച്ചിട്ടു വരാത്തതെന്ത്? ഞാനറിഞ്ഞില്ലല്ലോ?' മകനെ വാരിപ്പുണർന്നുകൊണ്ട് അമ്മ പറഞ്ഞു. 'അതിനെന്താ കുഞ്ഞേ, ഈ കുട്ടികൾ എന്നെ സഹായിച്ചല്ലോ. നിന്നെ കണ്ടല്ലോ.' മകന്റെ തോളിൽ കൈചുറ്റിചേർത്തു പിടിച്ചുകൊണ്ട് അമ്മ ചുറ്റും കൂടിനിന്നവരോടു പറഞ്ഞു. 'മക്കളെ, ഞാൻ പറഞ്ഞില്ലെ? ഇതാണ് എന്റെ മോൻ ലാലൻ.'

*(ഒരു പഴയ പത്രവാർത്തയിൽ നിന്ന്)*

# നല്ല ശീലങ്ങളുമായി പുതുവർഷത്തെ വരവേൽക്കാം

ഡോ. ബി പത്മകുമാർ

പുതിയ പ്രതീക്ഷകളും പുതുപുത്തൻ സ്വപ്നങ്ങളുമായാണ് ഓരോ പുതുവത്സരവും കടന്നുവരുന്നത്. നല്ല തീരുമാനങ്ങളെടുക്കുവാനും പുതിയ സംരംഭങ്ങൾ തുടങ്ങാനും പറ്റിയ ശുഭദിനവും നവവത്സര ദിനങ്ങൾ തന്നെ. ഒത്തിരിസന്തോഷവും കുറച്ചൊക്കെ സങ്കടവും തന്നിട്ടായിരിക്കും കഴിഞ്ഞവർഷം കടന്നുപോയത്. ഇനി കഴിഞ്ഞകാലത്തെക്കുറിച്ച് ഓർത്തുവിഷമിച്ചിട്ടു കാര്യമില്ല.ആദ്യംതന്നെ ചില കാര്യങ്ങൾ കൃത്യമായി പ്ലാൻചെയ്ത് പുതിയ വർഷം നമുക്കു സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നേട്ടങ്ങളുടെയും വർഷമാക്കി മാറ്റാം.



## ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ടേ സ്കൂളിൽ പോകാവൂ

ഒരുദിവസം നമ്മൾ ഏറ്റവും നന്നായി കഴിക്കേണ്ട ഭക്ഷണമേതാണ്? സംശയിക്കേണ്ട ബ്രേക്ക്ഫാസ്റ്റ് തന്നെ. സ്കൂളിൽ പോകാനുള്ള തിരക്കുമൂലം കൂട്ടുകാരിൽ പലരും പ്രഭാതഭക്ഷണം കഴിക്കാതെയായിരിക്കും പോകുന്നത്. ഫലമോ? ഒന്നുരണ്ടു പിരിയഡ് കഴിയുമ്പോഴേക്കും ക്ഷീണവും തളർച്ചയും ഉറക്കംതൂങ്ങലും. ടീച്ചർ പഠിപ്പിക്കുന്നതൊന്നും മനസ്സിലാകാത്തതുപോലെ. ശരീരത്തിന്റെ ഇന്ധനമായ ഗ്ലൂക്കോസിന്റെ അളവു കുറയുന്നതു മൂലമാണു ക്ഷീണമനുഭവപ്പെടുന്നത്. അതുകൊണ്ട് നിർബന്ധമായും ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ടു മാത്രമേ സ്കൂളിൽ പോകാവൂ. പുതുവർഷത്തെ ആദ്യതീരുമാനം ഇതുതന്നെയാകട്ടെ. സമയക്കുറവിന്റെ പ്രശ്നം പരിഹരിക്കാനായി രാത്രി നേരത്തെ കിടന്ന്, രാവിലെ ഒരുമണിക്കൂർ നേരത്തെ എഴുന്നേറ്റാൽ മതി.

ഇനി എന്താണു രാവിലെ കഴിക്കേണ്ടത്? ഇഡ്ഡലിയും സാമ്പാറും, പുട്ടും കടലയും,



വര: ടിആർ രാജേഷ്

ദോശയും ചട്നിയും, അപ്പവും കറിയുമെല്ലാം നല്ല വിഭവങ്ങൾ തന്നെ. ശരീരത്തിനാവശ്യമായ അന്നജവും പ്രോട്ടീനും ജീവകങ്ങളുമെല്ലാം ഈ വിഭവങ്ങളിൽ സമൃദ്ധമായി അടങ്ങിയിട്ടുണ്ട്. രാവിലെ എന്തെങ്കിലും പഴങ്ങൾ കഴിക്കാനും മറക്കരുത്. വറുത്തതും പൊരിച്ചതും ഫാസ്റ്റ്ഫുഡുമൊന്നും രാവിലെ വേണ്ട. ധൃതിപിടിക്കാതെ ഭക്ഷണം നന്നായി ആസ്വദിച്ച് ചവച്ചരച്ചു തന്നെ കഴിക്കണം.

## ദിവസവും കളിക്കാം കുറച്ചുസമയം

പഠിത്തംപോലെ തന്നെ പ്രധാനമാണു കളികളും. ആരോഗ്യമുള്ള ശരീരത്തിലല്ലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. കളികളിലൂടെ ശരീരത്തിനാവശ്യമായ കായികക്ഷമത ലഭിക്കും. ദിവസവും ഒരു മണിക്കൂറെങ്കിലും കളികൾക്കായി നീക്കിവയ്ക്കാൻ തീരുമാനി

ക്കണം. കമ്പ്യൂട്ടറിനുമുന്നിൽ ചടഞ്ഞിരിക്കാതെ ഓടുകയും ചാടുകയുമൊക്കെ വേണം. സൈക്കിൾ ചവിട്ടൽ അറിയാവുന്നവർ കുറച്ചുസമയം സൈക്കിൾസവാരി നടത്തണം. നീന്തൽ പഠിക്കാൻ സൗകര്യമുണ്ടെങ്കിൽ ഉറപ്പിച്ചോളൂ ഈ വർഷംതന്നെ നീന്തൽ പഠിക്കാൻ. കാരണം ഏറ്റവും നല്ല വ്യായാമമാണിത്.

## എട്ടുമണിക്കൂർ ഉറങ്ങണം

ഉറക്കം മരുന്നുപോലെയാണ്. പകൽ മുഴുവൻ കണക്കുചെയ്യുകയും ചിന്തിക്കുകയും പരീക്ഷയെഴുതുകയുമൊക്കെ ചെയ്യുന്ന നമുക്കു ശരിയായ വിശ്രമവും ആവശ്യമാണ്. ഉറങ്ങുമ്പോൾ തലച്ചോർ ഉൾപ്പെടെയുള്ള എല്ലാ ശാരീരികാവയവങ്ങൾക്കും വിശ്രമം ലഭിക്കുന്നു. ദിവസവും എട്ടുമണിക്കൂർ ഉറങ്ങാൻ നമുക്കു തീരുമാനമെടുക്കാം.

രാത്രി വളരെ വൈകുംവരെ ടിവിയൊക്കെ കണ്ടിരുന്ന് രാവിലെ വൈകി എഴുന്നേൽക്കുന്ന ശീലമൊക്കെ ഒഴിവാക്കാം. ഉറങ്ങാൻ കിടക്കുന്നതിനു തൊട്ടുമുമ്പ് കണക്കുചെയ്യുകയും സിനിമ കാണുകയുമൊന്നും ചെയ്യരുത്. ശാന്തമായ മനസ്സുമായി ഉറങ്ങാൻ കിടക്കുക.

## ടൈംടേബിൾ ഉണ്ടാക്കാം

എല്ലാവരുടെയും മുമ്പിലുള്ളത് 24 മണിക്കൂർ






**സ്കൂളിൽ പോകാനുള്ള തിരക്കുമൂലം കൂട്ടുകാരിൽ പലരും പ്രഭാതഭക്ഷണം കഴിക്കാതെയായിരിക്കും പോകുന്നത്. ഫലമോ? ഒന്നു രണ്ടു പിരിയഡ് കഴിയുമ്പോഴേക്കും ക്ഷീണവും തളർച്ചയും ഉറക്കംതൂങ്ങലും. ശരീരത്തിന്റെ ഇന്ധനമായ ഗ്ലൂക്കോസിന്റെ അളവു കുറയുന്നതു മൂലമാണു ക്ഷീണമനുഭവപ്പെടുന്നത്. അതുകൊണ്ട് നിർബന്ധമായും ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ടു മാത്രമേ സ്കൂളിൽ പോകാവൂ.**

മാത്രമാണ്. അതെങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണുകാര്യം. ഉണ്ണാനും ഉറങ്ങാനും പഠിക്കാനും കളിക്കാനുമൊക്കെ സമയനിഷ്ഠ പാലിക്കണം. രാവിലെ എഴുന്നേൽക്കുമ്പോൾ മുതൽ രാത്രി കിടക്കുന്നതു വരെയുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യാൻ ഒരു ടൈംടേബിൾ തയ്യാറാക്കണം. പഠനമുറിയിൽ നമ്മൾ എപ്പോഴും കാണുന്നിടത്തു വയ്ക്കുകയും ചെയ്യണം. മാസത്തിലൊരിക്കൽ ടൈംടേബിളിൽ ചില വ്യത്യാസങ്ങൾ വരുത്താം. ഇനിയങ്ങോട്ട് പരീക്ഷാക്കാലമാണല്ലോ പഠനത്തിനായി കൂടുതൽ സമയം നീക്കിവയ്ക്കാനും ശ്രദ്ധിക്കണം.

## യോഗ, ധ്യാനം ഇവ ശീലമാക്കാം

മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാനും ടെൻഷൻ അകറ്റാനും പരീക്ഷകളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാനുമൊക്കെ യോഗ, ധ്യാനം തുടങ്ങിയവ സഹായിക്കും. ദിവസവും കുറച്ചുസമയം ഇതിനായി നീക്കിവെക്കാനും തീരുമാനിക്കാം.

ക്ലാസിക് പരിചയം




# പക്ഷികൾക്ക് ഒരു വിശദീകരണം

**ഡോ. പി കെ രാജശേഖരൻ**

പക്ഷികളുടെ ചരിത്രകാരൻ എന്നു വിളിക്കാം അദ്ദേഹത്തെ. നമുക്കുചുറ്റുമുള്ള പക്ഷികളുടെ നാം പലപ്പോഴും ശ്രദ്ധിക്കാത്ത ജീവിതത്തെപ്പറ്റി അദ്ദേഹം എഴുതിയ സരളവും മോഹനവുമായ ഒരു പുസ്തകമാണ് മലയാളികളെ പക്ഷിനിരീക്ഷകരും സംരക്ഷകരുമാക്കിയതെന്നു പറഞ്ഞാലും അധികമാവില്ല.

ഇന്ദുചൂഡൻ എന്ന തൂലികാനാമത്തിൽ എഴുതിയ കെ കെ നീലകണ്ഠനാണ് ആ പക്ഷികളുടെ ചരിത്രകാരൻ. ഇന്നത്തെപ്പോലെ പക്ഷിനിരീക്ഷണവും പരിസ്ഥിതിപഠനവുമൊന്നും പ്രചാരത്തിലില്ലാതിരുന്ന കാലത്ത്, കൃത്യമായിപ്പറഞ്ഞാൽ 57 വർഷം മുമ്പ് അദ്ദേഹം എഴുതിയ '*കേരളത്തിലെ പക്ഷികൾ*' എന്ന പുസ്തകം പക്ഷിനിരീക്ഷകരുടെ ഒരു വംശത്തെത്തന്നെ കൂടുതുറന്നു പുറത്തേക്കുവിട്ടു.

150 പക്ഷികളുടെ വിവരണവുമായി 1958 ൽ പ്രസിദ്ധീകരിച്ച 'കേരളത്തിലെ പക്ഷികൾ' മലയാളത്തിലെ ഒരു ക്ലാസിക്കാണ്, എത്ര തവണ വായിച്ചാലും മടുക്കാതെ കൊതിപ്പിക്കുന്ന തൂവൽച്ചന്തമുള്ള പുസ്തകം. ഒരു പുസ്തകത്തിനു കുട്ടികളുടെയും മുതിർന്നവരുടെയും ഹൃദയം കവരാനാകുമെന്നു തെളിയിക്കുന്ന ആ പക്ഷിപ്പുസ്തകം മനോഹരമായ മലയാളത്തിനും മാതൃകയാണ്. പക്ഷികളെപ്പറ്റി ഇപ്പോൾ മലയാളത്തിൽ ധാരാളം പുസ്തകങ്ങൾ ഉണ്ടെങ്കിലും ആദ്യമായുണ്ടായ 'കേരളത്തിലെ പക്ഷികളോ'ളം കിളിച്ചന്തവും കിളിപ്പാട്ടിന്റെ മാധുര്യവും മറ്റൊന്നിനുമില്ല.


ശാസ്ത്രജ്ഞനായിരുന്നില്ല, ഇംഗ്ലീഷ് പ്രൊഫസറായിരുന്നു കെ കെ നീലകണ്ഠൻ എന്ന ഇന്ദുചൂഡൻ. പാലക്കാട്ടെ കാവശ്ശേരി എന്ന ഗ്രാമത്തിൽ ജനിച്ച അദ്ദേഹം മുഴുവൻസമയ പക്ഷിനിരീക്ഷകനൊന്നുമായിരുന്നില്ല. പാലക്കാട് വിക്ടോറിയ കോളജ്, ചിറ്റൂർ ഗവൺമെന്റ് കോളജ്, തിരുവനന്തപുരം വിമൻസ് കോളജ്, യൂണിവേഴ്സിറ്റി കോളജ്, തലശ്ശേരി ബ്രണ്ണൻ കോളജ് തുടങ്ങിയ കലാലയങ്ങളിൽ ഇംഗ്ലീഷ്സാഹിത്യം പഠിപ്പിച്ച ഇന്ദുചൂഡൻ തന്റെ ഒഴിവുസമയത്തെ നിരീക്ഷണങ്ങളിലൂടെയാണ് ആ പക്ഷിചരിത്രം എഴുതിയത്.

ഇംഗ്ലീഷ് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന തന്റെ മലയാളം മോശമാണെന്ന കുമ്പസാരത്തോടെയാണ് അദ്ദേഹം 'കേരളത്തിലെ പക്ഷികൾ' പ്രസിദ്ധപ്പെടുത്തിയത്. 'ബാലിശ'

മെന്ന് ഗ്രന്ഥകാരൻതന്നെ വിശേഷിപ്പിച്ച ആ ലളിത മലയാളം കിളിത്തൂവൽ പോലെ സുന്ദരവും സരളവുമാണ് എന്നതാണു സത്യം. കാക്കകളെപ്പറ്റി ഇന്ദുചൂഡൻ എഴുതിയതു നോക്കുക:

*'കാക്കകൾ ചേക്കിരിക്കുവാൻ പോകുന്നതു രസകരമായൊരു കാഴ്ചയാണ്. യാതൊരു അടക്കവും ഒതുക്കവും ഇല്ലാത്ത ചെറുകൂട്ടങ്ങളായാണു കാക്കകൾ പറന്നുപോകുന്നത്. വഴിക്ക് ഏതെങ്കിലുമൊരു മരമോ വലിയ കെട്ടിടമോ അവരുടെ ശ്രദ്ധയെ ആകർഷിച്ചാൽ ഉടനെ അതിന്മേൽ പറന്നിരുന്ന് ഒരു പൊതുയോഗം നടത്തും. എന്നാൽ എല്ലാ അംഗങ്ങളും ഒരേ സമയത്തു തന്നെ സംസാരിക്കണമെന്നാണു കാക്കകളുടെ നിയമം. അതുകൊണ്ടു സായാഹ്ന സമയത്തു കാക്കകൾ എവിടെയെങ്കിലും യോഗം കൂടിയാൽ കുറച്ചുനേരത്തേക്ക് അവിടെ ഭയങ്കര കോലാഹലമായിരിക്കും. കുറെ ലഹള കൂട്ടിയശേഷം പെട്ടെന്ന് എല്ലാവരുംകൂടി ഐകകണ്ഠ്യേന തീർച്ചയാക്കിയ പോലെ കാക്കക്കൂട്ടം ഒരു ഞൊടിക്കുള്ളിൽ പറന്നുയർന്നു ചേക്കിരിക്കുന്ന താവളത്തിനു നേർക്കു പറന്നു പോകും. അവിടെ എത്തിയാലും കുറെ നേരത്തേക്കു കശപിശയും കോലാഹലവും ചുറ്റിപ്പറക്കലും പതിവാണ്. ചന്ദ്രികയുള്ള രാത്രി കാക്കകൾ സ്വൈരമായുറങ്ങുകയില്ല. കൂടക്കൂടെ എഴുന്നേറ്റു ചുറ്റും പറന്നും കരഞ്ഞും കൊണ്ടു രാത്രി കഴിച്ചുകൂട്ടും.'*

കേരളത്തിലെ സ്ഥിരവാസികളും വിദേശത്തുനിന്നു പറന്നെത്തി മടങ്ങിപ്പോകുന്ന ദേശാടകരും അയൽസംസ്ഥാനത്തുനിന്നുള്ള വിരുന്നുകാരും ഉൾപ്പെടുന്ന വലിയൊരു പക്ഷിവംശത്തെയാണ് 'കേരളത്തിലെ പക്ഷികളി'ൽ കാണുന്നത്. അവയുടെ മലയാളപ്പേരും ഇംഗ്ലീഷ്പേരും ശാസ്ത്രനാമവും നൽകിയിട്ടുള്ള 'കേരളത്തിലെപക്ഷികൾ' ആരെയും പക്ഷിലോകത്തേക്കു വഴിതെറ്റാതെ കൊണ്ടുപോകും. ശാസ്ത്രത്തിന്റെ വരണ്ട ഭാഷയിലല്ല, കുട്ടികളോടു സംസാരിക്കുമ്പോലെയാണ് ഇന്ദുചൂഡൻ കിളികളെപ്പറ്റി പറയുന്നത്.



ആറ്റക്കറുപ്പൻ (Whitebacked Munia/Lonchura striata) എന്ന പക്ഷിയെത്തേടി നടന്നതിനെപ്പറ്റി അദ്ദേഹം വിവരിക്കുന്നതിങ്ങനെയാണ്:

*'കുറെക്കൊല്ലം മുമ്പു ഞാനൊരു തെങ്ങിൻതോപ്പിൽ ആറ്റക്കറുപ്പന്മാരുടെ കൂടുകൾ നോക്കി നടക്കുമ്പോൾ ഓരോ പൊത്തിലും ഓരോ കൂടുള്ളതായി കണ്ടു. ചില പൊത്തുകളിൽ ഒന്നിലേറെ കൂടുകളുമുണ്ടായിരുന്നു. താഴത്തറുത്തിട്ട പൊത്തുകളിലും കൂടുകളുണ്ടായിരുന്നതുകൊണ്ടു പക്ഷി ഉപയോഗിക്കുന്ന സാമഗ്രികളെന്തെല്ലാമാണെന്നറിവാൻ ഞാൻ അവയെ പറിച്ചെടുത്തു. ആദ്യം നോക്കിയ നാലഞ്ചെണ്ണത്തിൽ കൂറ, തേരട്ട, പഴുതാര, ചിലന്തി എന്നിവയൊഴികെ വേറെ യാതൊന്നുമുണ്ടായിരുന്നില്ല. പിന്നീട് ഒരു വരമ്പിന്മേൽ കിടന്നിരുന്ന പൊത്തിൽ ചെന്ന് അതിലുണ്ടായിരുന്ന കൂട് കോലുകൊണ്ടു ചിനക്കി. ഉടനെ അകത്തുനിന്ന് 'ചീപ്-ചീപ്'എന്നു നേരിയ ശബ്ദങ്ങൾ പുറപ്പെട്ടു. അതിനകത്തു നിറയെ പക്ഷിക്കുഞ്ഞുങ്ങളായിരുന്നു. ഈ പൊത്തു തെങ്ങിൽ നിന്നറുത്തുവീഴ്ത്തി നാലഞ്ചുവാര വലിച്ചിഴച്ചാണു വരമ്പിൽ കൊണ്ടിട്ടിരുന്നത്. എന്നിട്ടും പക്ഷിക്കുഞ്ഞുങ്ങൾക്കു യാതൊരാപത്തും പറ്റിയിരുന്നില്ല.*

*ഈ കൂട്ടിൽ ആറു കുഞ്ഞുങ്ങളുണ്ടായിരുന്നു. തൂവൽ മുളച്ചു തുടങ്ങുന്നതേയുള്ളു. ഇവ എന്നെക്കണ്ട ഉടനെ കൂട്ടിലമർന്നു കിടന്നു. ഓരോ കുഞ്ഞും താൻ അടിയിലാവണമെന്നുദ്ദേശിച്ചു മറ്റുള്ളവയെ തള്ളിനീക്കുവാൻ ശ്രമിച്ചു. എങ്കിലും കൂടക്കൂടെ വാ പിളർന്ന് ആഹാരത്തിനു ധൃതി കൂട്ടിയിരുന്നതുകൊണ്ടു വിശപ്പും ഭയവും തമ്മിൽ ആ കൊച്ചു ഹൃദയങ്ങളിൽ ഒരു ദ്വന്ദ്വയുദ്ധം നടക്കുന്നതായി തോന്നി.'*

പക്ഷികളുടെ വൈവിധ്യവും വ്യത്യാസങ്ങളും

പെരുമാറ്റരീതികളും ജീവിതവും പറഞ്ഞുതരുന്ന 'കേരളത്തിലെ പക്ഷികൾ' വായിക്കുന്നവർ പ്രകൃതിയുടെ അത്ഭുതങ്ങളെയും കരുതലുകളെയും കുറിച്ചാണു മനസ്സിലാക്കുന്നത്. അവയുടെ പേരുകൾതന്നെ എത്ര മനോഹരമാണ്. സൂചിമുഖി, തേൻകിളി, പൂത്താങ്കീരി, ഓലേഞ്ഞാലി, തുന്നാരൻ, മഞ്ഞത്താലി, ചെമ്പൻപാടി, കുട്ടുറുവൻ, ഇണകാത്തേവൻ, മുങ്ങാങ്കോഴി, താമരക്കോഴി, പവിഴക്കാലി, പച്ചപ്രാവ്, രാച്ചുക്ക്, തീക്കാക്ക, ചാരപ്പൂണ്ടൻ, പുള്ളിച്ചിലപ്പൻ, പോതപ്പൊട്ടൻ, വയൽക്കുരുവി... അങ്ങനെയങ്ങനെ..

അവയോരോന്നിനെപ്പറ്റിയും സ്വന്തം നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ദുചൂഡൻ അവതരിപ്പിച്ച തത്വങ്ങളാണ് മലയാളിയുടെ പക്ഷിവിജ്ഞാനത്തിന് അടിത്തറയിട്ടത്. നീർപ്പക്ഷിയായ മുങ്ങാങ്കോഴി (*Little Grebe / Podiceps ruficollis*) യെപ്പറ്റി അദ്ദേഹം പറഞ്ഞതിങ്ങനെയാണ്.

*'പരിണാമതത്വത്തെ മുൻനിർത്തി പക്ഷികളെയും ഉയർന്നതലത്തിലുള്ളവയും താഴ്ന്ന തലത്തിലുള്ളവയുമായി തരംതിരിച്ചിട്ടുണ്ട്. ഏറ്റവും താഴെനിൽക്കുന്ന വർഗമാണു മുങ്ങാങ്കോഴിയുടേത്. ശാസ്ത്രജ്ഞനല്ലാത്ത എനിക്കു മുങ്ങാങ്കോഴിയെ ഓരോ തവണ കാണുമ്പോഴും ശാസ്ത്രം എവിടെയോ പിഴച്ചിട്ടുണ്ടെന്നു തോന്നാറുണ്ട്. എന്തെന്നാൽ മുങ്ങാങ്കോഴി ബുദ്ധിയിലോ സാമർത്ഥ്യത്തിലോ സ്വഭാവവിശേഷത്തിലോ യാതൊന്നിലും മറ്റു പക്ഷികളെക്കാൾ താഴ്ന്നതല്ല എന്നാണ് എന്റെ അഭിപ്രായം.'*

സഹജീവികളോടുള്ള ഈ സ്നേഹവും ആദരവും പ്രകൃതിപ്രേമവും വിനയവുമാണ് ഇന്ദുചൂഡൻ എന്ന പക്ഷിചരിത്രകാരനെയും അദ്ദേഹത്തിന്റെ പക്ഷിചരിത്രത്തെയും മഹത്വത്തിന്റെ പദവിയിൽ പ്രതിഷ്ഠിക്കുന്നത്.

150 പക്ഷികളുടെ വിവരണമാണ് 'കേരളത്തിലെ പക്ഷികളു'ടെ ഒന്നാം പതിപ്പിൽ ഉണ്ടായിരുന്നത്. 1981ൽ പുറത്തുവന്ന രണ്ടാംപതിപ്പിൽ അത് 260 എണ്ണമായി ഉയർന്നു. പക്ഷികളെപ്പറ്റി മലയാളത്തിൽ പുസ്തകങ്ങളൊന്നുമില്ലാതിരുന്നതുകൊണ്ടാണ് അഞ്ചുപതിറ്റാണ്ടുമുമ്പ് ഇന്ദുചൂഡൻ ആ ദൗത്യത്തിനു പുറപ്പെട്ടത്. ഇന്നു മലയാളത്തിൽ ധാരാളം പക്ഷിപ്പുസ്തകങ്ങളുണ്ട്; പക്ഷിനിരീക്ഷകരും. എല്ലാത്തിനും നാം നന്ദി പറയേണ്ടത് അദ്ദേഹത്തോടാണ്.

പോർച്ചുഗലിലെ എഴുത്തുകാരനായ അന്തോണിയു ലൂബൂ അന്തൂണസി (*Antonio Lobo Antunes* ) ന്റെ നോവലിന്റെ പേരാണ് 'പക്ഷികൾക്ക് ഒരു വിശദീകരണം' (An Explanation of Birds). ആ പേരു കടമെടുത്തു പറഞ്ഞാൽ ഇന്ദുചൂഡന്റെ 'കേരളത്തിലെ പക്ഷികൾ' കേരളപ്രകൃതിയുടെയും ഈ പ്രകൃതിയെ പറുദീസയാക്കുന്ന പക്ഷികളുടെയും വിശദീകരണമാണ്.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

തളിരിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ പ്രതിഫലമോ സമ്മാനങ്ങളോ നൽകുന്നതാണ്.



വര: സുരേഷ് പരിയാരത്ത്



# ഡസ്റ്റർ


**രാജഗോപാലൻ നാട്ടുകൽ**

കല്യാണിടീച്ചറോ നല്ല ടീച്ചർ,
കുട്ടികൾക്കൊക്കെയും നല്ല ടീച്ചർ!
കള്ളിത്തുണി വെട്ടി തയ്ച്ചെടുത്തൂ
ക്ലാസ്സിലേക്കുള്ളോരു നല്ല ഡസ്റ്റർ!

ഓമനപ്പൈതലിൻ കുഞ്ഞുടുപ്പും
ഒട്ടും വ്യസനിക്കാതുള്ളിലാക്കി,
പണ്ടെന്നോ കിട്ടിയോരോണമുണ്ടിൻ
തുണ്ടുമിതിന്റെ വയറിലാക്കി,
നേർത്തു മെലിഞ്ഞുള്ള പാട്ടുമൂളി
പുത്തനാം കൗതുകം തയ്ച്ചെടുത്തൂ!

പട്ടിക, കണ്ണടപ്പെട്ടി, വർണ–
ച്ചോക്കുകൾ കൂട്ടുകാരെത്രെയെന്നോ?
ചുറ്റുമിരിക്കാൻ, സൊറ പറയാൻ
ഒട്ടും ഭയക്കാതെ നാൾ കഴിക്കാം!

കവിതകൾ, ചിത്രം, കണക്കുമെല്ലാം
എഴുതിയതൊക്കെയും മായ്ച്ചിടുമ്പോൾ
മൊഴിയുന്നതിത്തോഴൻ: 'മായ്ച്ചിടൊല്ലേ,
മറവിതൻ ഡസ്റ്ററാൽ കേട്ടതൊന്നും!'




# ദി ഐഡൾ - പലസ്തീനിൽ നിന്നൊരു ചിത്രം

**സുലോചന റാംമോഹൻ**

**കുട്ടികളുടെ സിനിമ എന്ന ലേബലില്ലാതെ തന്നെ കുട്ടികളുടെ അസാമാന്യ അഭിനയ ശേഷിയാൽ അവർ കണ്ടിരിക്കേണ്ട ഒരു സിനിമയെന്നു തോന്നിപ്പിക്കുന്ന ഒന്നാണ് പലസ്തീൻ സിനിമയായ 'ദി ഐഡൾ'. ദുരന്തങ്ങളെ അതിജീവിച്ചു ജീവിതവിജയം നേടാൻ ഇത്തരം സിനിമകൾ കുട്ടികൾക്കു പ്രചോദനം നൽകുന്നു.**

കുട്ടികളുടെ സിനിമ എന്ന പ്രത്യേക വിഭാഗത്തിനു വലിയ പ്രാധാന്യം കിട്ടാത്തയിടമാണ് മലയാള സിനിമാലോകം. ശിവന്റെ 'അഭയം', ഹരികുമാറിന്റെ 'പുലർവെട്ടം', സുധിയുടെ 'കൂടാരം' എന്നിങ്ങനെ വിരലിലെണ്ണാവുന്നവ മാത്രമേ നമ്മുടെ ഓർമയിലുള്ളൂ. അരവിന്ദന്റെ 'കുമ്മാട്ടി' പോലെയുള്ളവ എത്ര കണ്ട് കുട്ടികൾക്ക് ആസ്വദനീയമായിരിക്കും എന്നു പറയുക വയ്യ.

കുട്ടികൾക്ക് കണ്ട് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലുള്ള പ്രമേയങ്ങൾ സ്വീകരിക്കുന്നവയാണ് സിനിമകൾ എന്ന പൊതു നിർവചനം സ്വീകരിക്കുകയാണെങ്കിൽ, കുട്ടികൾ അഭിനയിച്ചുവെന്നതുകൊണ്ടോ കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആശയമാണെന്നതു കൊണ്ടോ ഒരു സിനിമ ചിൽഡ്രൻസ് ഫിലിം ആയിക്കൊള്ളണമെന്നില്ല. കുട്ടികളെ രസിപ്പിക്കുന്ന ഘടകങ്ങൾ ഗാനനൃത്തങ്ങൾ, കടങ്കഥകൾ, കുസൃതിത്തരങ്ങൾ എന്നിവയൊക്കെ കൂട്ടിയിണക്കി ഒരു സന്ദേശം ഉള്ളിലൊളിപ്പിച്ച്, കണ്ണും മനസ്സും തൃപ്തമാവുന്ന തരത്തിൽ ശ്രദ്ധയോടെ രൂപപ്പെടുത്തേണ്ട ഒന്നാണ് കുട്ടികളുടെ സിനിമ എന്നു പറയാം. മലയാളത്തിലെ ആദ്യ 3ഡി ചിത്രമായ 'മൈ ഡിയർ കുട്ടിച്ചാത്തൻ' ഏറെക്കുറെ ഇത്തരമൊന്നായിരുന്നു. കഴിഞ്ഞ വർഷം പുറത്തിറങ്ങിയ 'ഫിലിപ്സ് ആൻഡ് ദി മങ്കി പെൻ' ഈ നിർവചനങ്ങൾക്കിണങ്ങുന്നതായി തോന്നുന്നുമുണ്ട്.

എന്നാൽ ചിലപ്പോഴെങ്കിലും കുട്ടികളുടെ അസാമാന്യമായ അഭിനയശേഷിയാൽ ഒരു സിനിമ കുട്ടികൾ കൂടി കാണേണ്ടതാണ് എന്നു തോന്നിപ്പിക്കാറുണ്ട്. ഇക്കഴിഞ്ഞ ഐ എഫ് എഫ് കെ

യിൽ പ്രദർശിപ്പിച്ച *'ദി ഐഡൾ'* എന്ന സിനിമ അത്തരത്തിൽ ഒന്നായി തോന്നി. പലസ്തീനിൽ നടന്ന യഥാർത്ഥസംഭവത്തെ അടിസ്ഥാനപ്പെടുത്തി ഹാനി അബു ആസാദ് (Hany Abu-Assad) സംവിധാനം ചെയ്ത ഈ സിനിമയുടെ ആദ്യഭാഗം കുട്ടികളെ കേന്ദ്രീകരിച്ചുള്ള കഥയാണു പറയുന്നത്.

2013 ൽ 'അറബ് ഐഡൾ' ആയി തിരഞ്ഞെടുക്കപ്പെട്ട ഗാസ മുനമ്പിൽ നിന്നുമുള്ള യുവഗായകൻ മുഹമ്മദ് അസ്സഫ് (Muhammed Assaf) എങ്ങനെ ആ അപൂർവബഹുമതിയിലേക്കു സഞ്ചരിച്ചു എന്ന അന്വേഷണമാണ് ഈ ചിത്രം. മുഹമ്മദിന്റെ ബാല്യകാലത്തിൽ നിന്നുമാണ് സിനിമ ആരംഭിക്കുന്നത്. ആഭ്യന്തരകലഹങ്ങളാൽ സംഘർഷഭരിതമായ ഗാസയിൽ ജീവിതം അത്ര ശാന്തസുന്ദരമല്ല എന്നിരിക്കിലും ഏതൊരു നാട്ടിലെയും കുട്ടികളെപ്പോലെ മുഹമ്മദും കൂട്ടുകാരും ബാല്യകാല കുതൂഹലങ്ങളും കുസൃതികളുമായി കറങ്ങി നടക്കുന്നുണ്ട്. കുറഞ്ഞ സ്വാതന്ത്ര്യത്തിന്റെ പരിധികൾക്കുള്ളിൽ കുട്ടിലോകങ്ങൾ സൃഷ്ടിച്ചും അതിൽ സന്തോഷം കണ്ടെത്തിയും സൗഹൃദത്തിന്റെ നനുനനുത്ത അനുഭൂതികളിൽ സ്വയം മുഴുകിയും അവർ അവതരിപ്പിക്കുന്ന ദൃശ്യങ്ങൾ ഈ സിനിമയെ ദീപ്തമാക്കുന്നു. മുഹമ്മദ്, അനുജത്തി നൂർ, സഹപാഠികളായ അഷ്റഫ്, ഒമാർ, ഈ നാൽവർസംഘത്തിന്റെ സംഗീതത്തോടുള്ള അഭിവാഞ്ഛയിൽ ഊന്നിയാണ് കഥ.

തികച്ചും അനായാസമായി അഭിനയിക്കുന്ന ഈ ബാലതാരങ്ങൾ കുട്ടികളുടേതായ നിഷ്കളങ്കതയും കൃത്രിമമില്ലാത്ത സ്നേഹസൗഹൃദങ്ങളും കാഴ്ചവെച്ച് മനുഷ്യമനസ്സിനെ വിമലീകരിക്കുന്നു.

മുഹമ്മദിന്റെ സുവർണ ശബ്ദം അവനു ജന്മനാ ലഭിച്ച അനുഗ്രഹമാണെന്നും അതിലൂടെ അവനു പ്രശസ്തിയും അംഗീകാരവും നേടാനാവുമെന്നും ഉറച്ചു വിശ്വസിക്കുന്ന നൂറയാണ് ഈ സംഘത്തിന്റെ നേതാവ്. ഒരു മ്യൂസിക് ബാൻഡ് രൂപീകരിക്കണമെന്നു തീരുമാനിക്കുന്ന നൂർ, അതിനുള്ള പണമുണ്ടാക്കാനായി പല പദ്ധതികളും ആലോചിക്കുന്നു. അതിന്റെ വിജയപരാജയങ്ങൾ രസകരമായി ചിത്രീകരിച്ചിട്ടുണ്ട് സംവിധായകൻ.

നൂർ എന്ന പെൺകുട്ടിയുടെ അസാമാന്യമായ ധൈര്യവും ആത്മവിശ്വാസവും കാഴ്ചക്കാരെ വിസ്മയിപ്പിക്കും. സ്ത്രീകൾക്ക് അധികം സ്വാതന്ത്ര്യമില്ലാത്ത ഒരു രാജ്യത്ത് ജീവിക്കുകയാണെങ്കിലും അവൾ തന്റെയൊപ്പമുള്ള ആൺകുട്ടികൾക്കു മേൽ ആധിപത്യം സ്ഥാപിക്കുന്നുണ്ട്. വ്യക്തമായ ലക്ഷ്യവും ഉദ്ദേശശുദ്ധിയും സഹോദര സ്നേഹവും അവളുടെ വ്യക്തിത്വത്തെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളാണ്. തങ്ങൾ കഷ്ടപ്പെട്ടു സമ്പാദിച്ച പണം പറ്റിച്ചെടുക്കുന്ന കള്ളക്കടത്തുകാരനെ അവൾ ഭയമില്ലാതെയാണു നേരിടുന്നത്. എന്നാൽ



സഹോദരനെ അയാൾ ഭീഷണിപ്പെടുത്തുകയും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യുന്നതോടെ അവൾക്കും പിന്മാറേണ്ടി വരുന്നു. ശരീരവും മനസ്സും ഒരുപോലെ വേദനിച്ച്, ആകെ തകർന്ന അവസ്ഥയിലായ സഹോദരന് അവൾ കരുത്തും കരുതലും നൽകി ഉയിർപ്പിക്കുന്ന രംഗം ഗംഭീരമായ ഒന്നുതന്നെ. മനസ്സുവെച്ചാൽ ഏതുയരങ്ങളും കീഴടക്കാമെന്ന് അവൾ അവനെക്കൊണ്ടു പറയിപ്പിക്കുന്നു.

വിശ്വസിപ്പിക്കുന്നു.

എന്നാൽ തീർത്തും അപ്രതീക്ഷിതമായി നൂർ രോഗബാധിതയാവുന്നു. വൃക്കതകരാറിലായ അവൾ ക്ഷീണിതയാവുന്നു. സഹോദരൻ മുഹമ്മദ് അസ്സഫ് അവൾക്കു വൃക്കദാനം ചെയ്യാൻ തയ്യാറാവുന്നുവെങ്കിലും അതവൾക്കു യോജിച്ചതല്ലാത്തതിനാൽ ഡയാലിസിസ് വഴി തത്കാലം ജീവൻ നിലനിർത്തിപ്പോവുന്നു. പക്ഷേ മരണഭയം ഒട്ടുമില്ലാതെ അവൾ സഹോദരനെ വീണ്ടും വീണ്ടും പ്രചോദിപ്പിക്കുന്നു. കരയുന്ന അമ്മയോട് അവൾ ചൊടിക്കുന്നു. 'ഞാൻ മരിച്ചു കഴിഞ്ഞില്ലല്ലോ അമ്മേ, പിന്നെന്തിനിങ്ങനെ വിലപിക്കുന്നു.' അതുപോലെ തന്റെ വൃക്കകൾ വൃത്തിയാക്കുന്നത് വീടു വൃത്തിയാക്കി 'വെറുമൊരു പെണ്ണായി' ജീവിക്കുന്നതിനേക്കാൾ ഭേദമെന്ന് പറയാനും മരണത്തെ മുഖാമുഖം കണ്ടു നിൽക്കുമ്പോൾ പോലും അവൾക്കു കഴിയുന്നുണ്ട്.






നൂറിന്റെ മരണരംഗം നമ്മെ കരയിക്കുക തന്നെ ചെയ്യും. തളർന്നുവീഴുന്ന അവളെ വീണ്ടും ജീവിതത്തിലേക്കു കൊണ്ടുവരാനായി മുഹമ്മദ് പണ്ട് അവൾ അവനെക്കൊണ്ടു പറയിച്ച ശപഥം ആവർത്തിക്കാൻ ആവശ്യപ്പെടുന്നു. പക്ഷേ തളർന്ന നാവിനാൽ വാക്കുകൾ രൂപപ്പെടുത്താനാവാതെ അവൾ വിഷമിക്കുകയും ബോധം മുഴുവനായി മറയുകയും ചെയ്യുമ്പോൾ സഹോദരനു വിശ്വസിക്കാനാവുന്നില്ല തന്റെ താങ്ങും തണലുമായ കൂടപ്പിറപ്പില്ലാത്ത ശൂന്യതയിൽ വേണമിനി ജീവിക്കാനെന്ന്. ഒരുമിച്ചുനിന്നു പണമുണ്ടാക്കി വാങ്ങിയ ഗിത്താർ ഉടച്ചുതകർത്ത് അവൻ ജീവിതത്തോടുള്ള ദേഷ്യം പ്രകടിപ്പിക്കുന്നു. കിടപ്പുമുറിയുടെ ഏകാന്തതയിൽ നൂറിന്റെ അഭാവം അനുഭവിച്ചുകൊണ്ട് ഉണർന്നിരിക്കുന്നു. ഹ്രസ്വകാലത്തെ ജീവിതമെങ്കിലും നൂർ എന്ന പെൺകുട്ടിയുടെ സ്പിരിറ്റ് ചുറ്റുമുള്ളവരിൽ മായാത്ത മുദ്രയായി അവശേഷിക്കുകയാണ്.

പിന്നീട് ഏറെ കഷ്ടപ്പാടുകൾ സഹിച്ച് മുഹമ്മദ് അസ്സഫ് 'ദി അറബ് ഐഡൾ' എന്ന സംഗീത പരിപാടിയിലെ വിജയിയാവുന്നതും അവനിലൂടെ ലോകമെമ്പാടും ഗാസയിലെ മനുഷ്യരുടെ ദുരന്തജീവിതം അറിയപ്പെടുന്നതും അവൻ പലസ്തീൻ ജനതയുടെ 'ശബ്ദ'മായി മാറുന്നതുമാണ് സിനിമ.

തോൽവിയുടെ ഓരോ ഘട്ടത്തിലും അവനെ മുന്നോട്ടു നയിക്കുന്നത് നൂറിന്റെ അദൃശ്യസാന്നിധ്യമാണെന്നു നമുക്കു തോന്നും. നൂറിന്റെയൊപ്പം ഡയാലിസിസിനു വന്നിരുന്ന മറ്റൊരു പെൺകുട്ടിയെ മുതിർന്നു കഴിഞ്ഞ ശേഷം വീണ്ടും കാണുന്ന മുഹമ്മദ് അസ്സഫ് അവളിൽ തന്റെ സഹോദരിയുടെ അതിജീവനത്വര കാണുകയും അവർ പരസ്പരം ജീവിതത്തിനായുള്ള മോഹം നിശ്ശബ്ദമായി പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട്. നൂറിന്റെ സഫലമാവാത്ത ആഗ്രഹമായിരുന്നു മുഹമ്മദ് അറിയപ്പെടുന്ന ഗായകൻ ആവണം എന്നത്. ഈ പെൺകുട്ടിയും അതുതന്നെ ആഗ്രഹിക്കുന്നു. അവളുടേതെങ്കിലും തന്നിലൂടെ സഫലമാവണം എന്ന ഇരട്ടി പ്രചോദനമാണ് മുഹമ്മദിനു തുണയാവുന്നത്.

കുട്ടിക്കാലത്താണു മനുഷ്യവ്യക്തിത്വത്തിന് അടിസ്ഥാനമുറയ്ക്കുന്നത്. ആ സമയത്തു ചുറ്റുമുണ്ടാവുന്നവരുടെ സ്വാധീനം വളരെ വലുതാണ്. മുതിർന്നവരെക്കാൾ ആഴത്തിൽ മുഹമ്മദിനെ സ്വാധീനിച്ചത് നൂർ എന്ന കൊച്ചനുജത്തിയാണ്. അവളുടെ സ്നേഹവും സ്ഥൈര്യവും അവന്റെ മൂലധനമായി മാറുന്ന കഥയാണ് 'ദി ഐഡൾ'. ഏതു ദുരന്തത്തിനെയും അതിജീവിക്കുവാനുള്ള ത്രാണിയാണ് മനുഷ്യന്റെ സമ്പത്ത് എന്നു പഠിപ്പിക്കുന്നു ഈ സിനിമ.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# മഹാഭാരതം

സുഗതകുമാരി

67

## വിരാടപർവം

ആ വിധം പഞ്ചപാണ്ഡവന്മാർ പാഞ്ചാലിയുമൊത്ത് വനവാസം അനുഷ്ഠിച്ചുവരവേ അജ്ഞാതവാസത്തിനുള്ള കാലം അടുക്കുകയായി. ഏതു രാജ്യത്താണു പോകേണ്ടതെന്നു ചിന്തിക്കുന്ന അവരെ ജ്യേഷ്ഠപാണ്ഡവൻ ഓർമിപ്പിച്ചു. ''വിരാടനഗരത്തിൽ പോയി വസിക്കുവാനല്ലേ ധർമദേവൻ അരുളിച്ചെയ്തത്. വിരാടരാജാവായ മത്സ്യൻ നല്ലവനും ബലവാനും നമ്മോടു കൂറുള്ളവനുമാണ്. അദ്ദേഹം ധർമശീലനും വൃദ്ധനും സാത്വികനുമാണെന്നു കേട്ടിട്ടുണ്ട്. നമുക്ക് ആ പുരത്തേക്കു പോകാം. അവിടെ വേല ചെയ്ത് ഒരുവർഷം കഴിക്കാം.''

അർജുനൻ വിഷണ്ണനായി. ''ജ്യേഷ്ഠാ, മഹാരാജാവേ, അങ്ങ് എന്തു വേലയാണു ചെയ്യാൻ പോകുന്നത്? വിരാടന്റെ നഗരത്തിൽ അങ്ങ് ദാസനായി കഴിയുമെന്നോ! ഈ ആപത്ത് എങ്ങനെ നാം തരണം ചെയ്യേണ്ടൂ.''

യുധിഷ്ഠിരൻ പറഞ്ഞു. ''അനുജന്മാരേ, ഞാൻ ബ്രാഹ്മണവേഷത്തിൽ വിരാടസഭയിലെത്തി അവിടുത്തെ സദസ്യരിൽ ഒരാളായി ഇരുന്നുകൊള്ളാം. കങ്കൻ എന്നായിരിക്കും എന്റെ നാമധേയം. വിരാടനു ചൂതുകളിയിൽ ഭ്രമമുണ്ടെന്നു കേട്ടിട്ടുണ്ട്- ഞാൻ അദ്ദേഹത്തോടൊപ്പം ചൂതുകളിച്ചും വിനോദിപ്പിച്ചും ശാസ്ത്രതത്വങ്ങൾ സംസാരിച്ചും കഴിയും. അവിടെയാരുംതന്നെ എന്നെ അറിയുകയില്ല. 'യുധിഷ്ഠിരരാജാവിന്റെ സുഹൃത്തായിരുന്നു ഞാൻ' എന്നു ഞാൻ സ്വയം പരിചയപ്പെടുത്തിക്കൊള്ളാം. അനുജാ ഭീമാ, നീയെങ്ങനെ അവിടെ കഴിയും?''

ഭീമൻ പറഞ്ഞു. ''ഞാൻ അക്കാര്യം നേരത്തേ ചിന്തിച്ചുറപ്പിച്ചിരിക്കുന്നു. പാണ്ഡവരാജധാനിയിലെ മല്ലനാണെന്നു ഞാൻ പറഞ്ഞുകൊള്ളാം. ആനക്കാരനാണ്, ഇടയുന്ന കാളകളെ പിടിച്ചുകെട്ടും. വെല്ലുവിളിയുമായെത്തുന്ന മല്ലന്മാരോടു പൊരുതുന്നവനാണ്. ഇതിനൊക്കെയപ്പുറം പാചകവിദഗ്ധനുമാണ് എന്നറിയിക്കാം. ഞാനവിടെ സസുഖം അങ്ങനെ കഴിയും! ജ്യേഷ്ഠാ, എന്നെയോർത്തു വിഷമം വേണ്ടാ.''

''നീയോ അർജുനാ?'' യുധിഷ്ഠിരൻ വിഷാദത്തോടെ ചോദിച്ചു. ''വിശൈ്വകവീരനായ വില്ലാളി, ശ്രീകൃഷ്ണനു പ്രാണതുല്യനായ തോഴൻ, അഞ്ചാണ്ട് ഇന്ദ്രനാൽ പരിലാളിതനായി സ്വർഗത്തിൽ വസിച്ചവൻ, നീ എങ്ങനെ അന്യനായ ഒരു രാജാവിന്റെ സേവകനായി വസിക്കും!''

അർജുനൻ പുഞ്ചിരിയോടെ പറഞ്ഞു. ''ജ്യേഷ്ഠാ, എനിക്കു കിട്ടിയ ഉർവശീശാപത്തെപ്പറ്റി അങ്ങയ്ക്കറിവുള്ളതാണല്ലോ. ആവശ്യമുള്ളപ്പോൾ ആ ശാപം ഉപയോഗിക്കാനാണ് പിതാവ് ദേവേന്ദ്രൻ എന്നെ ഉപദേശിച്ചത്. അത് ഈയവസരത്തിൽ ഉപകാരമായിത്തീരട്ടെ. ഞാൻ ബൃഹന്നളയെന്നു പേരുള്ള ഒരു ഷണ്ഡനായിക്കൊള്ളാം. എന്റെ കൈകളിലെ ഞാൺതഴമ്പുകൾ ഞാൻ നിറയെ വളകളിട്ടു മറയ്ക്കും. കാതുകളിൽ ആടുന്ന കുണ്ഡലങ്ങളണിയും, ശംഖുവളകൾ ധരിക്കും. മുടി പിന്നിക്കെട്ടിവെച്ച് പൂക്കൾ ചൂടും. അന്തപ്പുരത്തിലെ പെണ്ണുങ്ങളെ ഞാൻ പാട്ടും ആട്ടവും പഠിപ്പിക്കും. രാജാവു ചോദിക്കുമ്പോൾ പറയും ഞാൻ ഇന്ദ്രപ്രസ്ഥത്തിൽനിന്നുവരുന്നു, പാഞ്ചാലിയുടെ ദാസിയായിരുന്നു ഒരുകാലത്ത് എന്ന്. ജ്യേഷ്ഠാ, ആ ശാപത്താൽ സ്വയംമറച്ച് ഞാനാ കൊട്ടാരത്തിൽ കഴിഞ്ഞുകൊള്ളാം.''

ഇതുകേട്ട് ആകുലനായ യുധിഷ്ഠിരൻ കുറച്ചുനേരം മൗനമായിരുന്നു. പിന്നീട് നകുലനെ വിളിച്ചു. ''ഉണ്ണീ നീയെന്തു വേല ചെയ്യും? ശൂരനും സുകുമാരനുമായ നിനക്ക് എന്തുപണിചെയ്തു കഴിയാൻ സാധിക്കും!''

നകുലൻ ഉത്സാഹത്തോടെ പറഞ്ഞു. ''ജ്യേഷ്ഠാ, ഞാൻ കുതിരക്കാരനായിക്കൊള്ളാം. എനിക്ക് ഏറ്റവും ഇഷ്ടമാണല്ലോ


**“നമ്മുടെ പ്രാണനായ ഈ കൃഷ്ണയോ? അമ്മയെപ്പോലെ നാം പാലിക്കേണ്ടവളാണ് ഈ പതിവ്രതയെ. ഈ പേലവാംഗി, ദിവ്യ രൂപിണി, പൂമാലയും കുറിക്കൂട്ടും ആഭര ണങ്ങളും പട്ടുടയാടകളും മാത്രം ശീലിച്ചി ട്ടുള്ളവൾ- എന്തു തൊഴിൽ ചെയ്യും ഈ രാജപുത്രിയും രാജപത്നിയുമായവൾ!”**

കുതിരകളെ. വിരാടരാജാവിന്റെ കുതിരകളെ ശുശ്രൂഷിച്ചും മെരുക്കിയും ഗ്രന്ഥികൻ എന്ന പേരിൽ ഞാനവിടെയുണ്ടാകും.''

അടുത്തത് സഹദേവന്റെ ഊഴമായി രുന്നു. ചിരിച്ചുകൊണ്ട് സഹദേവൻ പറഞ്ഞു. ''എങ്കിൽ ഞാൻ ഗോപാലകനായിക്കൊള്ളാം. വിരാടന്റെ പശുക്കളെ രക്ഷിക്കുന്നവനായി ഞാനവിടെ വസിക്കും. പശുക്കളെ പണ്ടേ പ്രിയമാണല്ലോ എനിക്ക്. അവയുടെ ലക്ഷ ണങ്ങളും ശീലവും ഐശ്വര്യവുമൊക്കെ എനിക്കു പറയാനറിയാം. തന്ത്രിപാലൻ എന്ന പേരിൽ ഞാൻ വിരാടന്റെ പശുക്കളെ അദ്ദേഹം സന്തോഷിക്കുംമട്ടിൽ നോക്കി അവിടെ വസിച്ചുകൊള്ളാം.''

യുധിഷ്ഠിരൻ ദു:ഖത്തോടെ ചോദിച്ചു. ''നമ്മുടെ പ്രാണനായ ഈ കൃഷ്ണയോ? അമ്മയെപ്പോലെ നാം പാലിക്കേണ്ടവളാണ് ഈ പതിവ്രതയെ. ഈ പേലവാംഗി, ദിവ്യ രൂപിണി, പൂമാലയും കുറിക്കൂട്ടും ആഭര ണങ്ങളും പട്ടുടയാടകളും മാത്രം ശീലിച്ചി ട്ടുള്ളവൾ- എന്തു തൊഴിൽ ചെയ്യും ഈ രാജപുത്രിയും രാജപത്നിയുമായവൾ!''

പാഞ്ചാലി ധൈര്യം കൈവിടാതെ പറഞ്ഞു. ''ഞാനും ആ കൊട്ടാരത്തിലുണ്ടാ വും, റാണി സുദേഷ്ണയുടെ സൈരന്ധ്രിയാ യി- നീയാരെന്നു റാണി ചോദിക്കുമ്പോൾ പറയും പണ്ട് ദ്രൗപദിയുടെ സൈരന്ധ്രിയായി രുന്നു ഞാനെന്ന്, റാണിയെയും രാജകുമാരി മാരെയും അണിയിച്ചൊരുക്കുവാനും പുഷ്പ മാല്യങ്ങൾ വിചിത്രാകൃതിയിൽ കെട്ടുവാനും സുഗന്ധംമങ്ങാത്ത കുറിക്കൂട്ടുകളുണ്ടാക്കാനും എനിക്കറിയാമെന്നു പറഞ്ഞാൽ അവരെന്നെ സ്വീകരിക്കാതിരിക്കില്ല. എന്നെയോർത്തു ശങ്ക വേണ്ട. ഞാൻ അന്തപ്പുരത്തിൽ രാജസ്ത്രീക ളോടൊത്തു ദാസീഭാവേന കഴിഞ്ഞു കൊള്ളാം.'' *(തുടരും)*



വര: ജയേന്ദ്രൻ

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.





വര: ഗോപു പട്ടിത്തറ

## വിലാപം

ആരുണ്ടു തുണയായി ഞങ്ങൾക്കു
ഭൂമിയിൽ
പീടികത്തിണ്ണ, പെരുവഴിയും.
ജോലികൾ ചെയ്യുന്നു രാപ്പകലെങ്കിലും
പോരുന്നിതഞ്ചാറു രൂപയുമായ്.
പെയ്യുവാൻ മഴയില്ല വലയുന്നു ഞങ്ങളും
കൊയ്യുന്നു പട്ടിണി, പരിവട്ടവും.
കുഴയുന്നു കാലുകൾ തളരുന്നു കണ്ണുകൾ
വഴികളിതൊന്നുമേ കാൺമതീല.
കുറവില്ല ഞങ്ങൾതൻ
ജോലികൾക്കൊട്ടുമേ
കുറവില്ല ദാരിദ്ര്യ സങ്കടങ്ങൾ.
വലയുന്നു തുലയുന്നു ജീവിതം ഞങ്ങളീ
വളരുന്ന തെരുവിന്റെ സന്തതികൾ
റോഡുപണിയാണിതെങ്കിലും ഞങ്ങൾക്കു-
മുണ്ടേറെ സ്വപ്നം, മനുഷ്യരല്ലോ.
ടാറിന്റെ ചൂടിനാലുരുകിത്തിളയ്ക്കുമീ
പാതകൾ പോലെയീജ്ജീവിതവും.


**ശ്രീനന്ദ**
**ക്ലാസ്സ് 6,**
**കൊയിലാണ്ടി ഗവ. ഗേൾസ് ഹയർ**
**സെക്കൻഡറി സ്കൂൾ, വിയ്യൂർ**






# സ്നേഹദീപം

മഴയാണ് പുഴയാണ് മരമാണ് മക്കളേ
മായുന്ന മറയുന്ന സ്നേഹദീപം.
അറിവാണ് നിറവാണ് മികവാണ് മക്കളെ
അപ്പൂപ്പനമ്മൂമ്മ പെറ്റമ്മയും.
പൂവാണ് തേനാണ് പൂങ്കുയിൽ പാട്ടാണ്
പൂമ്പാറ്റ പാറുന്ന പൂങ്കാവനം
പാലാണ് പഴമാണ് പാൽപായസമാണ്
പാരിനെ പാലൂട്ടും പാൽനിലാവ്
അലിവാണ് കനിവാണ് അറിയുന്ന നേരാണ്
നമ്മളെ കാത്തീടും ജഗദീശ്വരൻ.



**ശ്രീലക്ഷ്മി സി**
**ക്ലാസ്സ് 5 ഇ,**
**എ കെ എം എച്ച് എസ് എസ്, കോട്ടൂർ**

# കൗതുകമുണർത്തും പ്ലാസ്റ്റിക് ബാഗ്

അരവിന്ദ് ഗുപ്ത

വെള്ളം നിറച്ച ഒരു പ്ലാസ്റ്റിക് ബാഗു കൊണ്ടുള്ള കൗതുക കരമായ പരീക്ഷണ മാണിത്.



ആവശ്യമുള്ള സാധനങ്ങൾ

- 5 പെൻസിൽ
- സിപ്പുള്ള ഒരു പ്ലാസ്റ്റിക് ബാഗ്





1 കൂർത്ത മുനയുള്ള ഒരു പെൻസിൽ പ്ലാസ്റ്റിക്ബാഗിലേക്കു തുളച്ചുകയറ്റുന്നു. ഒരു തുള്ളി വെള്ളംപോലും പുറത്തുപോകുന്നില്ല! ഇങ്ങനെയും ചെയ്യാനാകുമോ? ഘട്ടംഘട്ടമായി ചെയ്തു നോക്കൂ.



2 സിപ്പുള്ള ഒരു പ്ലാസ്റ്റിക് ബാഗിൽ വെള്ളം നിറയ്ക്കുക. വെള്ളം പുറത്തുപോകാത്ത രീതിയിൽ അടച്ചു വയ്ക്കുക.



3 കൂർത്ത മുനയുള്ള ഒരു പെൻസിൽ പതുക്കെ ആ ബാഗിലേക്കു തുളച്ചുകയറ്റുക, നോക്കൂ... ഒരു തുള്ളിവെള്ളംപോലും പുറത്തുപോകുന്നില്ല!!



4 ഇനി അരഡസൻ പെൻസിൽ ഇതുപോലെ ബാഗിലേക്കു കയറ്റിനോക്കൂ...



5 കുറച്ചുകൂടി വലിയബാഗും കൂടുതൽ പെൻസിലുകളും ഉപ യോഗിച്ച് പരീക്ഷണം ആവർത്തിക്കൂ...




എന്തുകൊണ്ടാണ് ഒരു തുള്ളിവെള്ളംപോലും പുറത്തുപോകാത്തത്? അധ്യാപകരോടും ചോദിച്ചും പുസ്തങ്ങളിലും ഇന്റർനെറ്റിലും പരതിയും ഉത്തരം കണ്ടെത്തൂ.

Printed and Published by **M Santhosh Kumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.


# അക്ഷരചിത്രം

ഭരണിക്കാവ് കൃഷ്ണൻ

**6** എന്ന അക്കവും **പ** എന്ന അക്ഷരവും ഉപയോഗിച്ച് പക്ഷിയെ വരയ്ക്കാം.









**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 January 2016
Regd KL/TV (N)/399/2015-2017 Published on 29-12-2015 Vol:22, Issue:1, ₹15




# തളിര് വായനാമത്സരം

## 2016 ജനുവരിയിൽ

- ഓരോ സ്കൂളിലും പത്തുവരിക്കാരിൽ ഒരാൾക്കു വീതം സമ്മാനം
- വിജയികൾക്ക് 300രൂപയുടെ പുസ്തകക്കൂപ്പൺ
- കേരളത്തിലെ പ്രമുഖപുസ്തകശാലകളിൽ നിന്നും ഈ കൂപ്പൺ ഉപയോഗിച്ച് 300രൂപയുടെ ഇഷ്ടപുസ്തകങ്ങൾ സ്വന്തമാക്കാം.
- 2015 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങളെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ.